
# മുത്തങ്ങയിലെ
# ആദിവാസി കൂട്ടക്കൊലക്കും
# അടിച്ചമർത്തലിനുമെതിരെ
# അണിനിരക്കുക



**സി. പി. ഐ. (എം.എൽ) റെഡ്ഫ്ളാഗ്**

# മുത്തങ്ങയിലെ ആദിവാസികൂട്ടക്കൊലക്കും അടിച്ചമർത്തലിനുമെതിരെ അണിനിരക്കുക

ജനമനഃസാക്ഷിയെ ഞെട്ടിച്ച മുത്തങ്ങ കൂട്ടക്കൊല കഴിഞ്ഞിട്ട് ആഴ്ചകൾ പിന്നിട്ടിട്ടും എത്ര ആദിവാസികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേർ വെടിയുണ്ടകൊണ്ട് കാട്ടിൽ അവശരായി കിടക്കുന്നുണ്ടെന്നും എത്രപേരെ കാണാതായിട്ടുണ്ടെന്നു പോലും സർക്കാരിന് വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. വെടിവെപ്പിനും കൂട്ടക്കൊലക്കും ശേഷം കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പ്രത്യേകിച്ച് വയനാട്ടിൽ ആദിവാസി കോളനികളിൽ റെയിഡും മർദ്ദനങ്ങളും കള്ളക്കേസ്സുകളും തുടർന്നുകൊണ്ടിരിക്കുകയാണ്. മുത്തങ്ങ സംഭവത്തിന്റെ പുറകിൽ പ്രവർത്തിച്ച ശക്തികൾ ആരാണെന്നു വെളിവാകാനും മുത്തങ്ങ കൂട്ടക്കൊലയുമായി ബന്ധപ്പെട്ടുകൊണ്ട് നിലനിൽക്കുന്ന ദുരൂഹത അകറ്റാനും മുഖ്യമന്ത്രി രാജിവെക്കുകയും ജുഡീഷ്യൽ അന്വേഷണം നടത്തുകയും ചെയ്യണമെന്ന് കേരളത്തിലെ മുഴുവൻ ജനാധിപത്യ ശക്തികളും ആവശ്യപ്പെട്ടിട്ടും, സാർവ്വദേശീയ തലത്തിൽ തന്നെ മുഴുവൻ മനുഷ്യാവകാശ ശക്തികളും ഇതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിട്ടും ആന്റണി സർക്കാർ തികച്ചും ധിക്കാരപരമായ രീതിയിൽ ഈ ആവശ്യങ്ങൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. കഴിഞ്ഞ 20 മാസക്കാലമായി ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ആന്റണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെ ഉയർന്നുവരുന്ന ഓരോ പ്രക്ഷോഭത്തെയും ചോരയിൽ മുക്കിക്കൊല്ലുന്ന നയമാണ് സർക്കാർ തുടരുന്നത്. സർക്കാർ ജീവനക്കാരുടെ സമരത്തിലും പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ സമരത്തിലും ജിമ്മിനെതിരായ സമരത്തിലും മറ്റോരോ ബഹുജനസമരങ്ങളിലും ഇത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സമരം ചെയ്യുന്ന ശക്തികൾക്കെതിരെ മാത്രമല്ല, ജനാധിപത്യ പൗരവകാശ പ്രവർത്തകരുടേയും മാധ്യമ പ്രവർത്തകരുടെ നേരെപ്പോലും മർദ്ദനങ്ങൾ അഴിച്ചുവിടുന്നത് നിത്യ സംഭവങ്ങളായിരിക്കുകയാണ്. ഇതിന്റെ തുടർച്ചയായിവേണം മുത്തങ്ങ കൂട്ടക്കൊലയേയും നോക്കിക്കാണാൻ.

രണ്ടായിരത്തിഒന്ന് ഒക്ടോബർ , 16-ന് സി. കെ. ജാനുവിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് നടയിൽ നടത്തിയ സമരം യാതൊരു രേഖാപരമായ കരാറുമില്ലാതെയാണ് കൊടും വഞ്ചനയിലൂടെ ആന്റണി സർക്കാർ അവസാനിപ്പിച്ചത്. ഭൂരഹിതരായ നാല്പത്തയ്യായിരം ആദിവാസി കുടംബങ്ങൾക്ക് ഒന്നുമുതൽ അഞ്ചു വരെ ഏക്കർ ഭൂമിനല്കാമെന്നും ആദിവാസി മേഖലയെ ഭരണഘടനയുടെ അഞ്ചാം പട്ടികയിൽപ്പെടുത്താനായി കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യാമെന്നുമാണ് സമരം അവസാനിപ്പിച്ചശേഷം തന്റെ 'തിരുവനന്തപുരം പാക്കേജി'ലൂടെ മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. എ. കെ. ആന്റണിയുടെ പ്രഖ്യാപനത്തെ മുഴുവൻ വലതുപക്ഷ ശക്തികളും അവരുടെ മാധ്യമങ്ങളും മറ്റും സഹർഷം സ്വാഗതം ചെയ്യുകയാണ് ഉണ്ടായത്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുവാനുള്ള 1975 ലെ നിയമം തള്ളിക്കളയാനും തങ്ങളുടെ വലതുപക്ഷ അജണ്ട നടപ്പാക്കാനുമാണ് ആന്റണി സർക്കാർ ജാനു സമരത്തെ ഉപയോഗിച്ചതെന്ന് സംസ്ഥാനത്തെ മുഴുവൻ പുരോഗമന ജനാധിപത്യ ശക്തികളും അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നതാണ്.

സി. കെ. ജാനുവുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കാനുള്ള ഭൂമി കണ്ടെത്തുന്നതിന് ആത്മാർത്ഥമായ ശ്രമമൊന്നും നടത്താതെ ആദിവാസികളുടേയും കർഷകതൊഴിലാളികളുടേയും ഉന്നമനത്തിനു വേണ്ടി പുരോഗമന ലക്ഷ്യത്തോടെ മുൻകാലത്ത് നടപ്പിലാക്കിയ കാർഷിക ഫാമുകളും മറ്റു പുരോഗമന പദ്ധതികളും തകർക്കാനാണ് ആന്റണി സർക്കാർ ശ്രമിച്ചത്. മഴനിഴൽ പ്രദേശമായ മറയൂരിലും കുണ്ടളയിലും ഭൂമി ഉഴുതുമറിക്കാനുള്ള അവകാശം പോലും നിഷേധിച്ചുകൊണ്ട് കൃഷിയോഗ്യമല്ലാത്ത ഏതാനും ഏക്കർ പാറ നിറഞ്ഞ ഭൂമിമാത്രമാണ് ഏറെ പ്രഘോഷണത്തിനു ശേഷം സർക്കാർ വിതരണം ചെയ്തത്. ഒത്തുതീർപ്പ് അനുസരിച്ച് പ്രഖ്യപിച്ച ഭൂവിതരണം എ.ഡി.ബി വായ്പാ നിബന്ധനകൾക്ക് വിധേയമാണെന്ന് പരിഗണിക്കുമ്പോഴാണ് ഭൂവിതരണത്തിന്റെയും ആദിവാസി സ്വയം ഭരണത്തിന്റെയും മറ്റുമുള്ള തട്ടിപ്പ് കൂടുതൽ വ്യക്തമാകുന്നത്. മഴനിഴൽ പ്രദേശമായ കുണ്ടളയിൽ ആദിവാസികൾക്ക് കൊടുക്കാമെന്ന് പ്രഖ്യാപിച്ച ഭൂമി തന്നെ റവന്യു വകുപ്പ് ഉന്നയിച്ച തർക്കങ്ങളുടേയും തടസ്സവാദങ്ങളുടേയും ഫലമായി നിറുത്തിവെച്ചിരിക്കുകയാണ്. മറയൂരാകട്ടെ, സർക്കാരിന്റെ മാസ്റ്റർ പ്ലാനനുസരിച്ച് നൽകിയ ഭൂമി കൃഷിയുക്തമാക്കുവാൻ വേണ്ടി

വാഗ്ദാനം ചെയ്ത സഹായം ചെയ്യാതിരുന്നതുമൂലം ഇപ്പോഴത് കയ്യേറ്റക്കാരുടെ കൈകളിൽ അകപ്പെട്ടു കൊണ്ടിരിക്കുകയാണ്. ആന്റണി സർക്കാർ കരാർ ലംഘിച്ചുകൊണ്ടുള്ള ആദിവാസി വഞ്ചന നടത്തിയപ്പോൾ അതിനെതിരെ സമരം ചെയ്തു രംഗത്തുവരാൻ പോലും ആദിവാസി ഗോത്ര മഹാസഭ തയ്യാറായില്ല. സർക്കാർ വാക്കുപാലിച്ചില്ലെങ്കിൽ 2002 ജനുവരി 1 ശേഷം പ്രത്യക്ഷസമരം പ്രഖ്യാപിച്ചിരുന്ന ജാനു പിന്നീട് സർക്കാരിന്റെ വക്കാലത്തുകാരിയായി മാറുകയാണുണ്ടായത്. ആദിവാസികൾക്ക് ഭൂമിനൽകാനെന്ന പേരിൽ മതികെട്ടാനിലെ ചോലവനം മന്ത്രിമാണിയുടേയും, ഇടുക്കി കലക്ടറുടേയും, ചില ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ കയ്യേറിയപ്പോൾ, സർക്കാരിനേയും കലക്ടറേയും രക്ഷിക്കാൻ 'ഗോത്രമഹാസഭ'ക്ക് നാണം കെട്ടപണിയെടുക്കേണ്ടിവന്നു. സർക്കാരും റവന്യുവകുപ്പും ആദിവാസികൾക്ക് ഭൂമി നല്കാൻ തയ്യാറാണെന്നും വനംവകുപ്പാണ് തടസ്സങ്ങൾ സൃഷ്ടിക്കുന്ന തെന്നുമാണ് ജാനു പ്രചരിപ്പിച്ചത്. ആന്റണി സർക്കാരിന്റെ ആദിവാസി വഞ്ചന തുറന്നുകാട്ടി രംഗത്തുവരേണ്ട ഘട്ടത്തിൽ ഫോറസ്റ്റുവകുപ്പ് പിരിച്ചുവിടണമെന്നും ഉദ്യോഗസ്ഥരെ ജനകീയ വിചാരണ ചെയ്യണമെന്നും പറഞ്ഞ് ആന്റണി സർക്കാരിനെ ഫലത്തിൽ രക്ഷിക്കുകയാണ് ഗോത്രമഹാസഭ ചെയ്തത്. ആദിവാസി ഭൂസമരവുമായി ബന്ധപ്പെട്ടു കൊണ്ട് ആദിവാസി ഗോത്രമഹാസഭ മുന്നോട്ടുവെക്കുന്ന തെറ്റായ നിലപാടുകളാണ് സർക്കാരിന്റെ വാഗ്ദാനലംഘനത്തിനെതിരെ ഉയർന്നു വരേണ്ട കൂട്ടായ സമരങ്ങൾക്ക് വിഘാതം സൃഷ്ടിച്ചത്.

സി. കെ. ജാനുവിന്റെ പ്രക്ഷോഭത്തെ തെറ്റായ ദിശയിലേക്ക് വളർത്തി മുന്നോട്ടു കൊണ്ടുപോകാനായി കഴിഞ്ഞകാലത്ത് ഉടനീളം ശ്രമിച്ചത് വിദേശപ്പണം പറ്റുന്ന സോളിഡാരിറ്റി, ഹിൽഡ, സൗത്ത് സോൺ ആദിവാസി ഫോറം തുടങ്ങിയ സന്നദ്ധ സംഘടനകളാണ്. കഴിഞ്ഞ കാലങ്ങളിൽ ഇത് ഓരോ ഘട്ടത്തിലും പുരോഗമനശക്തികൾ തുറന്നുകാട്ടിയിട്ടുണ്ട്. സോളിഡാരിറ്റിയുടേയും, സൗത്ത് സോൺ ആദിവാസി ഫോറത്തിന്റേയും മറ്റും നേതൃത്വത്തിൽ മാനന്തവാടിയിൽ വച്ച് നടന്ന ആദിവാസി സംഗമത്തിലൂടെയാണ് സി. കെ. ജാനു ആദിവാസി നേതാവാകുന്നത്. ഈ സമ്മേളനത്തിന്റെ ചുക്കാൻ പിടിച്ച പ്രധാനികളിൽ ഒരാളായ അമേരിക്കൻ ചാരൻ വെബ്ബറെ യുവജനവേദി പ്രവർത്തകർ കയ്യോടെ പിടികൂടി വിചാരണ നടത്തിയപ്പോൾ തന്നെ

ഇത്തരം സംഘടനകളുടെ ലക്ഷ്യവും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കപ്പെടുകയുണ്ടായി. തുടർന്ന് സി. കെ. ജാനു പനവല്ലിയിൽ നിന്നും ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനമായ ജനീവയിലേക്കും മറ്റും പോയപ്പോൾ ഇതിനു പുറകിലുള്ള ശക്തികളും അവരുടെ ലക്ഷ്യങ്ങളും എന്തെന്ന് ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ പുരോഗമന സംഘടനകളും ചൂണ്ടിക്കാട്ടിയിരുന്നു.

### *വിദേശപ്പണം പറ്റുന്ന സന്നദ്ധ സംഘടനകളുടെ ഗോത്രാധിഷ്ഠിത നിലപാട്*

വംശഹത്യയോളം എത്തി നില്ക്കുന്ന ആദിവാസികളുടെ മർദ്ദിതാവസ്ഥയുടെ സാമ്പത്തികവും സാമൂഹികവുമായ അടിത്തറ കണ്ടെത്താനുള്ള യാതൊരു ശ്രമവും ഇത്തരം സംഘടനകൾ നടത്തിയിട്ടില്ല. കേരളത്തിലെ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളെ വെറും വംശീയ പ്രശ്നമാക്കി ചുരുക്കാനാണ് സൗത്ത് സോൺ ആദിവാസി ഫോറവും മറ്റും ആദ്യംമുതല്ക്കേ ശ്രമിച്ചിട്ടുള്ളത്. ആദിവാസികൾ ഇന്നനുഭവിക്കുന്ന മുഴുവൻ ദുരിതങ്ങളുടെയും പരിഹാരം നൂറ്റാണ്ടുകൾക്കു മുമ്പേ അവർക്കു കൈമോശം വന്ന സ്വത്വത്തിന്റെയും ഗോത്രത്തനിമയുടേയും പുനഃസ്ഥാപനവും മറ്റുമാണെന്നാണ് ഇവർ പ്രചരിപ്പിക്കുന്നത്. സമൂഹത്തിലെ തൊഴിലാളികൾ കർഷകർ തുടങ്ങിയ ബഹുജന വിഭാഗങ്ങളുമായും, പൊതുധാരയുമായും ഐക്യപ്പെടുന്നതുവഴി ആദിവാസികളുടെ സ്വത്വബോധം ഇനിയും നഷ്ടപ്പെടുമെന്നാണ് ഇത്തരം സംഘടനകൾ ഉന്നയിക്കുന്നത്. ആദിവാസി വികസനത്തിൽ സർക്കാരിന്റെ സഹായം ആവശ്യമില്ലെന്നും ആദിവാസികൾക്കു തന്നെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവുമെന്നാണ് ഇത്തരം സംഘടനകളുടെ സ്വാധീനത്തിൽപ്പെട്ടവരും മറ്റും പറയുന്നത്. തങ്ങളുടെ വാസസ്ഥലമടങ്ങുന്ന പ്രദേശത്തെ അഞ്ചാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഗോത്രത്തനിമ സംരക്ഷിക്കുന്നതോടെ എല്ലാപ്രശ്നങ്ങളും പരിഹരിക്കുമെന്ന വികല ആശയമാണ് ഇവരെ നയിക്കുന്നത്. ആന്ധ്രയുൾപ്പടെ ഇന്ത്യയിലെ ഒമ്പതുസംസ്ഥാനങ്ങളിൽ ആദിവാസി മേഖലകളെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടും ആദിവാസികളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതൊട്ടും സഹായകരമായിട്ടില്ലെന്നത് മനസ്സിലാക്കേണ്ടതുണ്ട്. ഭരണഘടനയിൽ ആദിവാസികൾ ഉൾപ്പടെയുള്ളവർക്ക് നല്കിയിട്ടുള്ള പരിരക്ഷകൾ മുൻകാലങ്ങളിൽ ആദിവാസികൾ ഉൾപ്പടെ ജനാധിപത്യ പുരോഗമനശക്തികൾ നടത്തിയ

സമരത്തിന്റെ കൂടി ഫലമാണെന്നുള്ള വസ്തുത കാണാതിരുന്നുകൂടാ. പക്ഷെ ആദിവാസികളുടെ സമഗ്രമായ പുരോഗതിയുടെ പ്രശ്നത്തെ 'അഞ്ചാം ഷെഡ്യൂൾ' എന്ന ഒറ്റമൂലികൊണ്ട് പരിഹരിക്കാനാവില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്.

ആദിവാസി ഗോത്രസഭകൾ രൂപീകരിച്ചുകൊണ്ട് രാഷ്ട്രീയ അധികാരം ഉൾപ്പടെയുള്ള അവരുടെ എല്ലാപ്രശ്നങ്ങളും പരിഹരിക്കാനാവുമെന്നാണ് സൗത്ത് സോൺ ആദിവാസി ഫോറവും മറ്റും പ്രചരിപ്പിക്കുന്നത്. വളർച്ചയുടേയും വികസനത്തിന്റെയും കാര്യത്തിൽ വിവിധ തട്ടുകളിൽ നിൽക്കുന്ന കുറച്ച്യരും, മലയരയരും, തുടങ്ങി ചോലനായക്കന്മാർ വരെയുള്ള ആദിവാസി വിഭാഗങ്ങളെ ഒരു 'പൊതു ഗോത്രസഭ' ക്കുള്ളിൽ നിലനിറുത്തിക്കൊണ്ട് ഈ അടിസ്ഥാനപ്രശനങ്ങൾ പരിഹരിക്കാനാവില്ലെന്നതാണ് യാഥാർത്ഥ്യം. അങ്ങനെയുളള ഗോത്രസഭകൾ ചരിത്രത്തിലൊരിക്കലും നിലനിന്നിരുന്നില്ല എന്നതാണ് വസ്തുത. ആദിവാസികൾ തന്നെ ഇന്ന് കൈയ്യൊഴിഞ്ഞിട്ടുള്ള ത്യജിക്കപ്പെടേണ്ട പൈതൃകങ്ങൾ അടക്കമുള്ള ആചാരാനുഷ്ഠാനങ്ങളെ പുനഃരുജ്ജീവിപ്പിക്കാനാണ് വിദേശപ്പണം പറ്റുന്ന ഈ സംഘടനകൾ ശ്രമിക്കുന്നത്. ഇപ്പോൾ പലയിടത്തും നടത്തുന്ന 'നവ' ഭൂമിപൂജകളും ഗോത്രപൂജകളും ഈ സംഘടനകളുടെ പുത്തൻ ഇറക്കുമതിയാണെന്നുള്ള വസ്തുത കാണേണ്ടതുണ്ട്. ആദിവാസി സമൂഹം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പൊതു സമൂഹം നേരിടുന്ന പ്രശ്നങ്ങളുമായി കണ്ണിചേർന്നുകൊണ്ടാണ് നിലനിൽക്കുന്നത്. ആഗോളവത്ക്കരണത്തിന്റെ ഫലങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗമെന്ന നിലയിൽ ഏറ്റവുംകൂടുതൽ ബാധിക്കുന്നത് ആദിവാസികളെയാണ്. ഭൂമിയും തൊഴിലും നഷ്ടപ്പെടുന്നതും മുൻകാലത്ത് ലഭിച്ചിരുന്ന എല്ലാവിധ സാമൂഹ്യസുരക്ഷാ സംവിധാനങ്ങളും ഇല്ലാതെയാക്കുന്നതും ഇവരെ വംശഹത്യയുടെ വക്കിലെത്തിച്ചിരിക്കുകയാണ്.

### ആദിവാസി പ്രശ്നം രണ്ടു സമീപനങ്ങൾ

ആദിവാസി പ്രശ്നത്തെ സംബന്ധിച്ച് പുരോഗമന ശക്തികളിൽ നിന്നും വളരെ വ്യത്യസ്തമായ സമീപനമാണ് വിദേശപ്പണം പറ്റുന്ന സന്നദ്ധ സംഘടനകൾ മുന്നോട്ടുവെക്കുന്നത്. ബ്രിട്ടീഷ് കോളോണിയൽ സർക്കാരും അതിനുശേഷമുള്ള സർക്കാരുകളും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നില്ല എന്നാണ് ഇവർ ആദിവാസികളെയും മറ്റും പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ദേശാഭിമാനികളും ദേശദ്രോഹികളും

തമ്മിലും ദേശീയ സ്വാതന്ത്ര്യവും ദേശീയാടിമത്തവും തമ്മിലും ഇവരുടെ ദൃഷ്ടിയിൽ വ്യത്യാസം നിലനില്ക്കുന്നില്ല. ജന്മി-മുതലാളി വർഗ്ഗത്തിന്റെ സർക്കാരും പുരോഗമന സർക്കാരുകളും തമ്മിലും ഇടതുപക്ഷവും വലതുപക്ഷവും തമ്മിലും മുതലാളിത്തവും സോഷ്യലിസവും തമ്മിലും അതിർ വരമ്പുകൾ നിലനിൽക്കുന്നില്ല എന്നാണ് ആദിവാസി ദളിത് സംഘടനകൾക്ക് ഇവർ പകർന്നുകൊടുക്കുന്ന രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ സത്ത. ആദിവാസി സമരത്തിന്റെ ദിശാബോധം തിരിച്ചുവിടാൻ ശ്രമിക്കുന്ന സാമ്രാജ്യത്വത്തിന്റെ പ്രത്യയശാസ്ത്ര വാഹകരായ ഇത്തരം സന്നദ്ധസംഘടനകളും കോൺഗ്രസ്സ് ബി.ജെ.പി. തുടങ്ങിയ ഭരണവർഗ്ഗപ്പാർട്ടികളും ഇത്തരം കാര്യത്തിൽ പൊതുവികാരം പലപ്പോഴു പങ്കിടുന്നുണ്ട്.

ആദിവാസി മുന്നേറ്റത്തിനു തടസ്സം ഇടതുപക്ഷ രാഷ്ട്രീയവും രാഷ്ട്രീയ ക്കാരുമാണെന്നും രാഷ്ട്രീയാതീതമായി സ്വയം സംഘടിച്ചുകൊണ്ട് മറ്റാരുടേയും സഹായമില്ലാതെ ഗോത്രവർഗ്ഗക്കാർ മുന്നോട്ടു വരണമെന്നുമാണ് ഇക്കൂട്ടർ പ്രചരിപ്പിക്കുന്ന അരാഷ്ട്രീയ നിലപാടുകളുടെ രാഷ്ട്രീയം. നൂറ്റാണ്ടുകൾക്കു മുമ്പേ പൊതുധാരയിൽ നിന്നും ഒറ്റപ്പെടുകയും പ്രാന്തവത്ക്കരിക്കപ്പെടുകയും ചെയ്ത ആദിവാസി വിഭാഗങ്ങൾ ഇന്നത്തെ ആഗോളവത്ക്കരണ- ഉദാരവത്ക്കരണ കാലഘട്ടത്തിൽ വംശഹത്യ അടക്കമുള്ള കൊടിയ ദുരിതങ്ങൾ, ഇന്ത്യയിൽ മാത്രമല്ല, ലോകമെങ്ങും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് മനസ്സിലാക്കാതെ 'വന്തവാസി' കളാണ് ആദിവാസികളുടെ പൊതുശത്രുക്കളെന്ന് മുദ്രകുത്തിക്കൊണ്ട് 'വംശീയ സ്വത്വബോധം' വളർത്തി വികസിപ്പിച്ച് ഇവരെ പുരോഗമന പ്രസ്ഥാനങ്ങളിൽ നിന്നും സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും അടർത്തിമാറ്റാനാണ് വിദേശപ്പണം പറ്റുന്ന ചില ദേശവിരുദ്ധ സന്നദ്ധ സംഘടനകൾ ശ്രമിക്കുന്നതെന്നകാര്യം ഇപ്പോൾ നമ്മുടെ ചില ബുദ്ധിജീവികൾ പോലും മനസ്സിലാക്കുന്നില്ല എന്നതാണ് അത്ഭുതകരം.

ഇന്ത്യയിൽ വടക്കു-കിഴക്കൻ മേഖലയിൽ നാഗാലാൻഡ്, മിസ്സോറാം, ആസ്സാം, ത്രിപുര, തുടങ്ങിയ സംസ്ഥാനങ്ങളിലും മറ്റും ഗോത്രവിഭാഗങ്ങൾക്കിടയിൽ നിരവധി ദേശദ്രോഹ സ്വയം-സന്നദ്ധ സംഘടനകൾ ശിഥിലീകരണ പ്രവണതകൾ വളർത്തുന്നതിനായി ശ്രമിക്കുന്നുണ്ട്. പല ഗോത്രവിഭാഗങ്ങളിലൂടെയും 'സ്വത്വ ബോധം' വികസിപ്പിക്കാനാണെന്ന് പറഞ്ഞുകൊണ്ട് സ്വയം നിർണ്ണയത്തിന്റെ പ്രശ്നം ഉന്നയിച്ചുകൊണ്ട് വിഘടനവാദ പ്രസ്ഥാനങ്ങൾ വളർത്താനാണ്

ഇത്തരക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മിസ്സോകളെയും നാഗന്മാരെയും കുക്കികളെയും മറ്റും തമ്മിലടിപ്പിച്ചുകൊണ്ട് വംശീയതയുടെ പ്രശ്നം ഏകപക്ഷീയമായി എടുത്തുകാട്ടി വിഭാഗീയമായ രീതിയിൽ അതു പരിഹരിക്കാനുള്ള നിർദ്ദേശങ്ങളാണ് ഇത്തരം സംഘടനകൾ മുന്നോട്ടുവെക്കുന്നത്. ചെറുതും വലതുമായ മുഴുവൻ ഗ്രോത്രവിഭാഗങ്ങളുടെയും പ്രശ്നങ്ങൾ വംശീയ പ്രശ്നങ്ങളാണെന്നും അവ ഓരോന്നും സ്വയം രാഷ്ട്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുമാത്രമെ ഇവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ കഴിയുള്ളൂവെന്നുമാണ് രാജ്യത്തെ ശിഥിലീകരിക്കാൻ ലക്ഷ്യം വച്ചുകൊണ്ട് ഇത്തരം സംഘടനകൾ പ്രചരിപ്പിക്കുന്നത്. ഇന്ത്യയെ ബാൾക്കനൈയിസ് (തുണ്ടം തുണ്ടം ആക്കാനുള്ള) ചെയ്യാനുള്ള സാമ്രാജ്യത്വ പദ്ധതിയും ഇത്തരം സൈദ്ധാന്തിക നിലപാടുകളും പരസ്പരപൂരകമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ആദിവാസി ഭൂസംരക്ഷണ വേദിയുടെയും സി. പി. ഐ. (എം. എൽ) റെഡ്ഫ്ളാഗിന്റെയും നേതൃത്വത്തിൽ ആദിവാസി ഭൂനിയമം നടപ്പാക്കാനുള്ള പ്രക്ഷോഭം ശക്തമായപ്പോൾ ഇന്ത്യയിലെ ആദിവാസിമേഖലയിലെ സന്നദ്ധസംഘടനകളുടെ തലതൊട്ടപ്പനായി അറിയപ്പെടുന്ന ബി.ഡി. ശർമ്മ 1996 ഒക്ടോബർ മാസത്തിൽ അട്ടപ്പാടിയിലെ ഷോളയൂരിൽ വച്ച് ഒരു കന്യാസ്ത്രി സംഘത്തിന്റെ പിൻബലത്തോടെ അട്ടപ്പാടിയിൽ ഹിൽകൗൺസിൽ രൂപീകരിച്ചതായി പ്രഖ്യാപനം നടത്തുകയുണ്ടായി. തമിഴ്നാട്ടിൽ നിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറിയ മുഴുവൻ ആളുകളെയും കുടിയിറക്കണമെന്നും, തുടർന്ന് ബി. ഡി. ശർമ്മ ആവശ്യപ്പെടുകയുണ്ടായി. പുരോഗമന ശക്തികളുടെ സമയോചിതമായ ഇടപെടൽ മൂലം അന്നതിനെ തുറന്നുകാണിക്കാനും അത്തരം ശക്തികളെ ഒറ്റപ്പെടുത്താനും കഴിഞ്ഞു. നൂറ്റാണ്ടുകളായി ആദിവാസികൾ നേരിടുന്ന സാമൂഹ്യമർദ്ദനത്തിന്റെയും പിന്നോക്കാവസ്ഥയുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ആദിവാസിവിഭാഗങ്ങളുടെ സവിശേഷ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരെ ജനാധിപത്യ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരേണ്ടത് പുരോഗമന ശക്തികളുടെ ഉത്തരവാദിത്തമാണ്.

## ആദിവാസി ഭൂപ്രശ്നത്തിന്റെ ചരിത്രപശ്ചാത്തലം

ആദിവാസി ഭൂപ്രശ്നത്തെ സമൂഹത്തിന്റെ പൊതുപ്രശ്നങ്ങളിൽ നിന്നും അടർത്തിമാറ്റിക്കൊണ്ട് കോളോണിയൽ ഭരണാധികാരികൾ മുതൽ നാളിതുവരെയുള്ള എല്ലാ സർക്കാരുകളും ഒരുപോലെ ആദിവാസികളെതകർക്കാൻ ബോധപൂർവ്വം ശ്രമിക്കുകയാണ് എന്ന വിലയിരുത്തൽ നടത്തുന്നത് തികച്ചും വിഭാഗീയവും ചരിത്രവിരുദ്ധവുമാണ്. ബ്രിട്ടീഷ് ഭരണാധികാരികൾ 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ നടപ്പാക്കിയ പെർമെനന്റ് സെറ്റിൽമെന്റ് ആക്ടു പ്രകാരമാണ് ഇവിടത്തെ ജന്മികൾക്ക്(മലബാറിലെ) ഭൂമിയുടെ മേൽ സമ്പൂർണ്ണമായ അധികാരം ലഭിക്കുന്നത്. കർഷക വിരുദ്ധമായ ഇത്തരം പരിഷ്ക്കാരങ്ങൾ കർഷകരുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുകയും എണ്ണമറ്റ കർഷക കലാപങ്ങൾക്ക് നമ്മുടെ നാട് സാക്ഷ്യം വഹിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയാണ് 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നടന്ന വയനാട്ടിലെ ആദിവാസികലാപങ്ങളേയും നോക്കി കാണേണ്ടത്. അധികാരത്തിന്റെയും ചൂഷണത്തിന്റെയും വ്യാപ്തി വികസിപ്പിക്കുന്നതിനായി നിരവധി ജനവിരുദ്ധ നയങ്ങളും ഭരണ പരിഷ്ക്കാരങ്ങളും ബ്രിട്ടീഷുകാർ നടപ്പാക്കി. അവയിൽപ്പെട്ടതാണ് 1864 ലെ ബ്രിട്ടീഷ് ഇംപീരിയലിൽ വനംവകുപ്പിന്റെ രൂപീകരണം. ബ്രിട്ടനിലെ വനംവകുപ്പു നിയമങ്ങളുടെ ചുവടുപിടിച്ചുകൊണ്ടുള്ള നിരവധി വനപരിപാലന നിയമങ്ങളും ഇവർ പടച്ചുണ്ടാക്കുകയുണ്ടായി. 1865-ലെ വനനയം വഴി വനത്തെ പൂർണ്ണമായും ആശ്രയിച്ചു ജീവിച്ചിരുന്ന ഗോത്രവിഭാഗങ്ങളുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെട്ടു. വനത്തിൽ നിന്നും കായ്കനികളും വിറകുപോലും ശേഖരിക്കുന്നത് നിയമം മൂലം നിരോധിക്കപ്പെട്ടു. കോളോണിയൽ ഭരണകാലത്തും ശേഷവും നടപ്പിലാക്കിയ ജനവിരുദ്ധ കാർഷിക നയങ്ങളുടെ ഫലമായി പാപ്പരീകരിക്കപ്പെട്ട കർഷകർ സമതലങ്ങളിൽ നിന്നും മലമ്പ്രദേശങ്ങളിലേക്ക് വ്യാപകമായി കുടിയേറാൻ നിർബ്ബന്ധിക്കപ്പെട്ടു. ഇതിന്റെ എല്ലാം ഫലമായി ആദിവാസി ഭൂമി വൻരീതിയിൽ കയ്യേറപ്പെടുകയും ഗോത്രജീവിതം തന്നെ ആടിയുലയുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് വനഭൂമി വ്യാപകമായ രീതിയിൽ വൻകിടക്കാർക്ക് കുത്തക പാട്ടത്തിന് നല്കിയതും ആദിവാസി ഭൂമി കയ്യേറ്റത്തിന് ഇടവരുത്തി. ഇങ്ങനെ ലക്ഷകണക്കിനു ഹെക്ടർ സർക്കാർ-സ്വകാര്യ വനഭൂമികൾ കൃഷിയിടങ്ങളായി മാറ്റപ്പെട്ടു. കോളോണിയൽക്കാലത്തുതന്നെയാണ്

ആദിവാസി ഭൂമിയടക്കമുള്ള വനഭൂമികശിൽ വൻകിടക്കാർ കാപ്പി, ഏലം, റബ്ബർ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചത്. വിദേശികളും സ്വദേശികളുമായ ഇത്തരം തോട്ടമുടമകളുടെ വനഭൂമി കയ്യേറ്റങ്ങളും മറ്റുമാണ് ആദിവാസികളെ ഇന്നത്തെ അവസ്ഥയിലേക്ക് കൊണ്ടുചെന്നെത്തിച്ചത്. കണ്ണൻദേവൻ ഉൾപ്പടെയുള്ള വൻകിട തോട്ടക്കാരുടെ കൈവശം ഇന്നും നിയമവിരുദ്ധമായി ലക്ഷകണക്കിന് ഏക്കർ ഭൂമി നിലനില്ക്കുന്നുണ്ട്.

### *ശത്രുക്കളും മിത്രങ്ങളും*

ആദിവാസികളുടെ ഭൂമിയും ഗോത്രസമ്പദ്ഘടനയും തകർന്നതിനോട് ശാസ്ത്രീയവും ചരിത്രപരവുമായ വീക്ഷണമില്ലെങ്കിൽ ശത്രുക്കളെയും യഥാർത്ഥ മിത്രങ്ങളെയും കണ്ടെത്തുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതാണ്. ആദിവാസികളുടെ ഭൂമിയും സംസ്കാരവും 'സ്വത്വവും' അന്യാധീനപ്പെട്ടതിന്റെ ഉത്തരവാദിത്വം ആധുനിക സമൂഹത്തിനാണെന്നും 'കേരളീയ പൊതുസമൂഹം' ഇതിന് പ്രായശ്ചിത്തം ചെയ്യണമെന്നാണ് ജാനുവും അവരെനയിക്കുന്ന സന്നദ്ധസംഘടനകളും, ചില ബുദ്ധിജീവികളും പറയുന്നത്. സി. കെ. ജാനുവിന്റെ നിലപാട് സർക്കാർ അംഗീകരിച്ചാൽ 'മുഖ്യമന്ത്രി ആന്റണിയുടെ നടപടി ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടും' എന്നാണ് ജാനുവിന്റെ ജനിച്ച മണ്ണിൽ മരിക്കുവോളം ജീവിക്കാൻ എന്ന ലഘുലേഖയിൽ പ്രവചിച്ചിരിക്കുന്നത്. ജാനുവിന്റെ ഈ പ്രവചനം മുത്തങ്ങ കൂട്ടക്കൊലയുടെ പശ്ചാത്തലത്തിൽ കൂട്ടി വായിക്കപ്പെടേണ്ടതാണ്. ആദിവാസി ഭൂ പ്രശ്നത്തിന്റെ ശാശ്വത പരിഹാരം ചരിത്രത്തെ നൂറ്റാണ്ടുകളോളം പിന്നോക്കം നടത്തിച്ച് ഗോത്രവ്യവസ്ഥ പുനഃസ്ഥാപിക്കുകയാണെന്ന ഗ്രോത്ര മഹാസഭയുടെ നിലപാട് അവരെ ഇന്നെവിടെ കൊണ്ടുചെന്നെത്തിച്ചുവെന്നുള്ളത് ഏവർക്കും പാഠമാകേണ്ടതാണ്. ആദ്യം ആന്റണി സർക്കാരിനെ വെള്ളപൂശാൻ ശ്രമിച്ച ജാനു അതേ ആന്റണിയാൽ കൊടും മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായി കഴിഞ്ഞിരിക്കുകയാണെന്നതാണ് ദുംഖസത്യം.

### *ഗോത്രസഭയും യു.ഡി.എഫ്. അജണ്ടയും*

ആദിവാസി ഭൂനിയമം നടപ്പിലാക്കുന്നതിനുവേണ്ടി 1975 നുശേഷം കഴിഞ്ഞ 28 വർഷങ്ങൾക്കിടയിൽ നടന്ന എണ്ണമറ്റ ത്യാഗോജ്ജ്വല സമരങ്ങളെ തള്ളിക്കളഞ്ഞു കൊണ്ടാണ് ആദിവാസ ഗോത്രസഭ 2001 ഒക്ടോബറിൽ സർക്കാരുമായി ഒത്തുതീർപ്പുണ്ടാക്കിയത്. 1975 ലെ

കേരള പട്ടിക വർഗ്ഗക്കാർ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) ആക്ട് ഇന്നത്തെ മാറിയ സാഹചര്യത്തിൽ പ്രായോഗികമായി നടപ്പിലാക്കാനാകില്ലെന്ന് പറഞ്ഞുകൊണ്ടാണ് കേരളത്തിലെ 45000 ആദിവാസികുടംബങ്ങൾക്ക് ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി നല്കുമെന്ന മോഹനവാഗ്ദാനം ആന്റണി ജാനുവിന് നല്കിയത്. ജാനുവുമായി യാതൊരുവിധത്തിലുള്ള രേഖാപരമായ കരാറും ഒപ്പിടാൻ തയ്യാറാകാതെയിരുന്ന സർക്കാർ സമരാന്ത്യത്തിൽ ചർച്ചയുടെ മിനിറ്റ്സ് വായിച്ചുകേൾപ്പിച്ചുകൊണ്ടു്, അതാണ് കരാർ ധാരണയെന്നു പറഞ്ഞ് ഗോത്ര മഹാസഭയെ കബളിപ്പിക്കുകയായിരുന്നു. ആന്റണിസർക്കാർ മുന്നോട്ടു വെച്ച നിർദ്ദേശം തികച്ചും അപ്രായോഗികവും, ബോധപൂർവ്വമായ വഞ്ചനയുമാണെന്ന സത്യം മനസ്സിലാക്കാനായി അറിഞ്ഞോ അറിയാതെയോ ഗോത്രസഭ വിസമ്മതിക്കുകയാണ് ഉണ്ടായത്. കെ. പി. സി. സി പ്രസിഡന്റ് മുരളിധരനെപ്പോലെയുള്ളവർ തന്നെ 'അഞ്ചേക്കർ പോയിട്ട് ഒരേക്കർ കൊടുക്കാൻ പോലും' സർക്കാരിന്റെ കൈവശം ഭൂമിയില്ലെന്ന് തുറന്നടിക്കുന്ന സാഹചര്യത്തിലാണ് ആദിവാസികൾ വഞ്ചിതരായെന്ന് ഗോത്രസഭാ പ്രവർത്തകർ മനസ്സിലാക്കുന്നത്.

വൻകിട തോട്ടമുടമകളുടേയും കയ്യേറ്റക്കാരുടെയും താല്പര്യം സംരക്ഷിക്കുന്ന യു.ഡി.എഫ് സർക്കാരിന് ആദിവാസി ഭൂനിയമം നടപ്പാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇല്ലെന്നും ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ആദിവാസികളുടെയും കർഷക തൊഴിലാളികളുടെയും പുനഃരധിവാസത്തിനും ഉന്നമനത്തിനും വേണ്ടി മുൻകാലത്ത് പുരോഗമന ലക്ഷ്യത്തോടെ നടപ്പിലാക്കിയ സുഗന്ധഗിരിയും ആറളം ഫാമും ചീങ്ങേരിയും ഉൾപ്പടെയുള്ള പ്രോജക്ട് ഭൂമികൾ കൈയൊഴിയാൻ മാത്രമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും പുരോഗമനശക്തികൾ അന്നുതന്നെ ചൂണ്ടിക്കാട്ടിയിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിലുള്ള പല പ്രമുഖ നേതാക്കൾക്കും സ്വന്തം പേരിലും ബിനാമി പേരിലും നൂറുകണക്കിനേക്കർ ആദിവാസി ഭൂമി അട്ടപ്പാടിയിലും മറ്റും കൈവശം ഉണ്ടെന്നും ഇതിന്റെ കൃത്യമായ സർവ്വേ നമ്പർ സഹിതം ആദിവാസി ഭൂസംരക്ഷണ വേദിയും സി.പി.ഐ.(എം.എൽ) റെഡ്ഫ്ളാഗും ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ട്. ഇന്നും ഇത്തരം ഭൂമി പിടിച്ചെടുക്കാനോ വിതരണം നടത്താനോ സർക്കാരിന് യാതൊരു പദ്ധതിയുമില്ലെന്നതാണ് വസ്തുത.

കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങൾ ആദിവാസികൾക്ക് പൊതുവിൽ ലഭിച്ചിട്ടില്ലെന്നുതന്നെ പറയാം. വ്യത്യസ്ത ആദിവാസി വിഭാഗങ്ങളുടെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് വന-ഭൂപരിഷ്ക്കരണ നിയമങ്ങൾ നടപ്പാക്കാതിരുന്നതും മലബാർ മേഖലയിലെ സ്വകാര്യവന ദേശസാൽക്കരണത്തിന്റെ ഭാഗമായി സർക്കാരിൽ നിക്ഷിപ്തമായ വനഭൂമിയിൽ ആദിവാസികളടക്കം കർഷകത്തൊഴിലാളികൾക്ക് അർഹതപ്പെട്ട ഭൂമി നൽകാതിരുന്നതും ആദിവാസികളുടെ അവസ്ഥ കൂടുതൽ വഷളാക്കി. കേരളസർക്കാർ 1970 ൽ മിച്ചഭൂമിയായി പ്രഖ്യാപിച്ച ആറരലക്ഷം ഏക്കർ ഭൂമി ശാസ്ത്രീയമായി വിതരണം ചെയ്തിരുന്നുവെങ്കിൽ ആദിവാസികൾക്ക് അവരുടെ ഭൂപ്രശ്നം ഭാഗികമായെങ്കിലും പരിഹരിക്കാൻ കഴിയുമായിരുന്നു. പക്ഷെ, വൻകിട ഭൂവുടമകളുടേയും മറ്റും അവിഹിതമായ ഇടപെടൽ മൂലം സർക്കാർ പ്രഖ്യാപിച്ച മിച്ച ഭൂമിയിൽ പകുതിയിലേറെ ഭൂടമകളുടെ കയ്യിൽ തന്നെ വന്നുചേരുകയാണ് ഉണ്ടായത്.

നക്സൽബാരിസമരത്തിനു ശേഷം കാർഷിക വിപ്ലവ ലക്ഷ്യവുമായി ഇന്ത്യയിൽ ആകമാനം ആഞ്ഞടിച്ച വിപ്ലവപ്രസ്ഥാനത്തിന് എന്തെല്ലാം പരിമിതികളുണ്ടായിരുന്നുവെങ്കിലും ഭൂപരിഷ്ക്കരണത്തെ ത്വരിതപ്പെടുത്തുന്നതിൽ അത് വലിയ പങ്കു വഹിച്ചു. സഖാവ് വർഗീസിന്റെയും മറ്റും നേതൃത്വത്തിൽ വയനാട്ടിൽ ആദിവാസികൾക്കിടയിൽ വേരൂന്നിയ വിപ്ലവ പ്രസ്ഥാനത്തിന് ആദിവാസികൾക്കിടയിൽ സംഘടനാ ബോധം വളർത്തു ന്നതിനും അതുവഴി സമരങ്ങളുടെ പാതയിലേക്ക് അവരെ നയിക്കുന്നതിനും തുടക്കമിടാനായി. ഇന്നും ആദിവാസി വിഭാഗങ്ങൾക്കിടയിൽ വിദേശപ്പണം പറ്റുന്ന സംഘടനകളിൽ നിന്നും മറ്റും വ്യത്യസ്തമായി ആദിവാസി മേഖലയിൽ ശാസ്ത്രീയമായ നിലപാടുകളുടെ അടിസ്ഥാനത്തിൽ ആദിവാസി പ്രസ്ഥാനത്തിന് ശക്തമായ നേതൃത്വം കൊടുക്കുന്നത് സി.പി.ഐ(എം.എൽ) റെഡ്ഫ്ളാഗും ആദിവാസി ഭൂസംരക്ഷണവേദിയുമാണ്.

ആന്റണി സർക്കാരിന്റെ തുടർച്ചയായ വാഗ്ദാന ലംഘനത്തിനെതിരെ പ്രക്ഷോഭങ്ങൾ ഉയർന്നുവരികയും സർക്കാർ തുറന്നുകാട്ടപ്പെടുകയും ചെയ്ത സന്ദർഭത്തിൽ ഗോത്രമഹാസഭയുടെ നിലപാട് തികച്ചും പരിഹാസ്യ മായിരുന്നു. 'ഞങ്ങളും ആന്റണി സർക്കാരും തമ്മിലാണ് കരാറെന്നും അത് ലംഘിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾ സമരം ചെയ്യുമെന്നും മറ്റാരും ഇതിൽ ഇടപെടേണ്ടന്നുമുള്ള' തെറ്റായ സമീപനമാണ് ഇവർ

സ്വീകരിച്ചത്. രണ്ടുമാസം മുൻപ് മുത്തങ്ങ വനത്തിലേക്ക് ഭൂമി കയ്യേറ്റത്തിനായി ഗോത്രസഭ പോയപ്പോൾത്തന്നെ മുത്തങ്ങ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ അവർക്കു ഭൂമി നൽകാൻ സർക്കാർ തയ്യാറാവില്ലെന്ന് ആ സ്ഥലത്തിന്റെ പ്രാധാന്യം പരിഗണിക്കുമ്പോൾ ഏവർക്കും വ്യക്തമായിരുന്നു. മുത്തങ്ങ വന്യമൃഗ സംരക്ഷണകേന്ദ്രം ആദിവാസികൾക്ക് പതിച്ചുനൽകണമെന്ന് ജാനുവടക്കം ഒരൊറ്റ സംഘടനയും മുൻപ് ആവശ്യപ്പെട്ടിരുന്നുമില്ല. സർക്കാരും ആദിവാസി സംഘടനകളും തമ്മിൽ ധാരണയിലായ പതിനായിരകണക്കിന് ഏക്കർ ഭൂമി വെറുതെ കിടക്കുമ്പോൾ ഇത്തരമൊരു സമീപനം സമരത്തിന്റെ ദിശതിരിച്ചു വിടാനാണെന്ന സംശയം മുഴുവൻ ജനങ്ങളിലും നിലനിന്നിരുന്നു.

## *മുത്തങ്ങ റിസർവ്വ് ഫോറസ്റ്റിന്റെ പാരിസ്ഥിതിക പ്രാധാന്യം*

കർണ്ണാടകത്തിന്റേയും തമിഴ്നാടിന്റേയും കേരളത്തിന്റേയും അതിർത്തിയും കർണ്ണാടകത്തിലെ ബന്ദിപൂർ പക്ഷിസങ്കേതവും തമിഴ്നാട്ടിലെ മുതുമല വന്യ മൃഗ സംരക്ഷണകേന്ദ്രവും മുത്തങ്ങ വന്യമൃഗ സംരക്ഷണകേന്ദ്രവും സന്ധിക്കുന്ന ഒരു പ്രധാനകേന്ദ്രമാണിത്. കർണ്ണാടകത്തിലെ കുടക്, തമിഴ്നാടിന്റെ നീലഗിരി ജില്ല, കേരളത്തിന്റെ വയനാട്, അട്ടപ്പാടി പ്രദേശങ്ങൾ ഇവയുൾക്കൊള്ളുന്ന ജൈവവൈവിധ്യങ്ങളുടെ കലവറയായ പീഠഭൂമിയാണ് നീലഗിരി ബയോസ്ഫിയർ. അന്തർദേശീയ തലത്തിൽ തന്നെ ജൈവ വൈവിധ്യങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇത് സംരക്ഷിക്കപ്പെടണമെന്നുള്ള ആവശ്യം ഉയർന്നുവരികയും കേന്ദ്രസർക്കാർ അതംഗീകരിച്ചതുമാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പ്രകൃതി സ്നേഹികളും സാംസ്കാരിക പ്രവർത്തകരും മറ്റുമായ ഒ.വി. വിജയൻ, ആർ.വി.ജി. മേനോൻ, ഒ.എൻ.വി. തുടങ്ങിയ നിരവധിയാളുകൾ ഗോത്ര മഹാസഭയുടെ നിലപാടിൽ പ്രതിഷേധിച്ചു കൊണ്ട് പ്രസ്താവനയിറക്കിയത്. മുത്തങ്ങ കാടുകളുടെ പ്രാധാന്യം മനസ്സിലാക്കി കൊണ്ടാണ് 1979-80 ൽ മുത്തങ്ങ വനഭൂമിയിൽ ഫോറസ്റ്റ് ഡിപ്പാർട്ട് മെന്റ് ക്ലിയർ ഫെല്ലിംഗ് (അടച്ചുവെട്ട്) നടത്തിയപ്പോൾ, സി. പി. ഐ. (എം. എൽ) അതിനെതിരെ പ്രക്ഷോഭം നടത്തി അത് തടയുകയുണ്ടായത്. വനനശീകരണത്തിനെതിരെ വയനാട്ടിലെ വിപ്ലവപ്രസ്ഥാനം നടത്തിയ ഈ സമരം പിൽക്കാലത്തെ വനസംരക്ഷണത്തിനുവേണ്ടിയുള്ള സംസ്ഥാനത്തെ പ്രക്ഷോഭങ്ങൾക്ക് പ്രചോദനം ആയിട്ടുണ്ട്.

മുത്തങ്ങക്കാടുകളിൽ ഒന്നരമാസത്തോളം നൂറുകണക്കിന് ആദിവാസി കുടുംബങ്ങളെ ജാനുവും കൂട്ടരും കൊണ്ടുവന്ന് താമസിപ്പിച്ചപ്പോൾ അവരുടെ സമരകേന്ദ്രം മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റാൻ ആവശ്യപ്പെടാനും വാഗ്ദാനം ചെയ്ത ഭൂവിതരണം ത്വരിതപ്പെടുത്താനും ചർച്ചയിലൂടെ സമാധാനപരമായി പ്രശ്നം പരിഹരിക്കാനും സർക്കാർ സന്നദ്ധമായില്ല. മറിച്ച്, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും കൃഷിമന്ത്രിയുടെ പാർട്ടി നേതാവിൽ നിന്നും നിർലോഭമായ പിന്തുണയാണ് ലഭിച്ചത്.

## *കൊണ്ടു നടന്നതും നീയേ ചാപ്പാ.......*

മുഖ്യമന്ത്രിയുടെ ഓഫിസിൽ നിന്നും ഗോത്രമഹാസഭക്ക് എന്നും അനുഗ്രഹാശിസ്സുകൾ നല്കുകയും 'തിരവനന്തപുരം മാസ്റ്റർ പ്ലാൻ'ന്റെ ഘട്ടത്തിൽ ഗോത്ര മഹാസഭക്കാരോടൊപ്പം എ.കെ.ആന്റണി കോൽക്കളി വരെ നടത്തുകയുമുണ്ടായി. മുഖ്യമന്ത്രിയും റവന്യു മന്ത്രിയും ഗോത്ര മഹാസഭകാർക്കൊപ്പം കോമാളി തലപ്പാവ് വച്ച് കൊണ്ട് നാളിതുവരെയുള്ള സർക്കാരുകളിൽ നിന്നും വ്യത്യസ്തമായി 'ഞങ്ങൾ നിങ്ങൾക്ക് അമ്പേക്കർ ഭൂമി വരെ ഉറപ്പായും' നല്കുമെന്ന് ആണയിട്ട് പ്രഖ്യാപനവും നടത്തുകയുണ്ടായി. കേരളത്തിലെ ആദിവാസികളുടെ ഏകനേതാവ് ജാനുവാണെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രി വഞ്ചനാപരമായ രീതിയിൽ വാഗ്ദാന ലംഘനം നടത്തുമെന്ന് ഗോത്ര മഹാസഭക്കാർ പ്രതീക്ഷിച്ചു കാണില്ല. മുത്തങ്ങയിൽ സഹായ വാഗ്ദാനം ചെയ്തവർ തന്നെയാണ് പിന്നീട് ചരിത്രത്തിലെ ഏറ്റവും വലിയ ആദിവാസി കൂട്ടക്കൊലക്ക് നേതൃത്വം നല്കികൊണ്ട് സി. കെ. ജാനുവിനെയും കൂട്ടാളികളെയും അതിക്രൂരമായ പീഡനത്തിനിരയാക്കിയത്. വടക്കൻ പാട്ടിൽ പറയുന്ന രീതിയിൽ 'കൊണ്ടു നടന്നതും നീയേ ചാപ്പാ....കൊണ്ടുപോയ് കൊല്ലിച്ചതും നീയേ ചാപ്പാ' എന്നവരികൾ ഇവിടെ അന്വർത്ഥമായിരിക്കുകയാണ്.

മുത്തങ്ങാ സംഭവത്തിൽ നൂറുകണക്കിന് ആദിവാസികളാണ് കൊടും ക്രൂരമായ മർദ്ദനത്തിനും വെടിയുണ്ടക്കും ഇരയായത്. ഇന്നും ചികിത്സപോലും ശരിയായ രീതിയിൽ ലഭിക്കാതെ ആശുപത്രിയിൽ കിടക്കുന്നവർ, പോലീസിനെ ഭയന്ന് വെടിയുണ്ട കയറിയ ശരീരവുമായി കൊടുംകാട്ടിൽ അലയുന്നവർ തുടങ്ങി ആന്റണി സർക്കാരിന്റെ രക്തദാഹത്തിന് ഇരയായവർ എത്രയെന്ന കണക്കുപോലും ലഭ്യമായിട്ടില്ല. ഇതിന്റെ ദുരൂഹത പരിഹരിക്കാൻ ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം നാനാഭാഗങ്ങളിൽ നിന്നും വന്നു

കഴിഞ്ഞിരിക്കുകയാണ്. പോലീസിന് കീഴടങ്ങിയ ജാനു ഉൾപ്പടെയുള്ളവർ പോലീസ് അറസ്റ്റിനുശേഷം പോലീസ് ജീപ്പിലും ലോക്കപ്പിലും വച്ച് ക്രൂരമായ മർദ്ദനത്തിന് ഇരയായി എന്നുള്ളത് പകൽപോലെ വ്യക്തമാണ്. ജാനുവിന്റെ രാഷ്ട്രീയനിലപാട് അംഗീകരിക്കാത്തവർ പോലും പോലീസിന്റെ ജനമനസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരമർദ്ദനത്തിനെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വലം കൈയ്യായ ആഭ്യന്തര നയം പോലും പ്രഖ്യാപിക്കുന്ന ഡി.ജി.പി. ജോസഫിന്റെ നിർദ്ദേശപ്രകാരമാണ് ഇതെല്ലാം നടന്നതെന്നാണ് മാധ്യമങ്ങൾ വെളിച്ചത്ത് കൊണ്ടുവന്നിരിക്കുന്നത്. ഭരണകക്ഷിയുടെ വാലാട്ടിയായി മാറിയിരിക്കുന്ന നിയമസഭ സ്പീക്കർ പുരുഷോത്തമൻ നാലാംകിട യൂത്തുകോൺഗ്രസ്സുകാരനെ പോലും ലജ്ജിപ്പിക്കുന്ന രീതിയിലാണ് ആദിവാസി മർദ്ദനത്തെ ന്യായീകരിച്ച് അസംബ്ലിയിൽ ഉറഞ്ഞുതുള്ളിയത്. ഇത്തരം ഒരു സന്ദർഭത്തിൽ ആന്റണിക്ക് അധികാരത്തിൽ തുടരാൻ ഒരൊറ്റ നിമിഷം പോലും അർഹതയില്ല. മുഖ്യമന്ത്രിയുടെ രാജി മുഴുവൻ കേരളീയരുടെയും ആവശ്യമായി കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെയും കൂടി പ്രതിഫലനമെന്നോണം ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിൽ ക്രിയാത്മകമായ രീതിയിൽ ഒന്നും ചെയ്യാതിരുന്ന പ്രതിപക്ഷ പാർട്ടികൾ പോലും ബഹുജനങ്ങളുടെ സമ്മർദ്ദത്തിനുവഴങ്ങി സമരപാതയിലാണ്. ഒരു ജനാധിപത്യവാദിക്കും ഈ ജനകീയ ആവശ്യത്തിൽ നിന്നും വിട്ടു നില്ക്കാനോ ഈ ആവശ്യങ്ങളെ നിഷേധിക്കാനോ കഴിയില്ലയെന്നത് വ്യക്തമാണ്.

മുത്തങ്ങ കൂട്ടക്കൊലയിലേക്ക് സംഭവങ്ങളെ എത്തിച്ച അടിസ്ഥാന കാരണങ്ങൾ കണ്ടെത്തിക്കൊണ്ട് അത് പരിഹരിക്കാനുള്ള ശ്രമമാണ് അടിയന്തിരമായി നടത്തേണ്ടത്. വംശഹത്യയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ആദിവാസികളുടെ ഭൂപ്രശ്നമടക്കം സമഗ്രവികസനത്തിന് ശാസ്ത്രീയമായ പദ്ധതികളിട്ടുകൊണ്ട് അവ നടപ്പാക്കാനായി മുഴുവൻ ജനാധിപത്യവിശ്വാസികളും സമര രംഗത്തേക്ക് ഇറങ്ങേണ്ടതുണ്ട്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട് ഭൂമിയും തൊഴിലും എല്ലാവിധ സാമൂഹിക സുരക്ഷിതത്വവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസികളുടെ അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ഇതിന് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് നല്കികൊണ്ടും സർക്കാർ പ്രഖ്യാപിച്ച മുഴുവൻ വാഗ്ദാനങ്ങൾ നൽകിക്കൊണ്ടും മാത്രമേ രാഷ്ട്രീയ പരിഹാരത്തിന് തുടക്കം കുറിക്കാനാവുകയുള്ളു.

ആദിവാസി മേഖലയിൽ വിദേശപ്പണം പറ്റി പ്രവർത്തിക്കുന്ന ദേശവിരുദ്ധ സംഘടനകളുടെ പ്രവർത്തനത്തെക്കുറിച്ചും അവരുടെ ഉദ്ദേശ്യങ്ങളെക്കുറിച്ചും സമഗ്ര അന്വേഷണം അടിയന്തരമായി നടത്തേണ്ടിയിരിക്കുന്നു. കേരളത്തിൽ ദേശവിരുദ്ധ, ശിഥിലീകരണ ശക്തികൾക്ക് താവളം ഉണ്ടാക്കാൻ അനുവദിക്കുകയില്ലെന്ന് നമ്മൾ ഉറക്കെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. ആദിവാസി മേഖലയിൽ വിദേശപ്പണം ഒഴുക്കിക്കൊണ്ട് തങ്ങൾ വികസനം സൃഷ്ടിക്കാനും സാമൂഹ്യ സേവനം നടത്താനുമാണ് ശ്രമിക്കുന്നതെന്നുള്ള സൗത്ത് സോൺ ആദിവാസി ഫോറത്തിന്റെയും ഹിൽഡയുടെയും മറ്റും നിലപാടുകൾ തുറന്നുകാട്ടപ്പെടേണ്ടതുണ്ട്. ഇത്തരം സംഘടനകൾ ഗോത്ര മഹാസഭാ നേതാക്കളെ ജനീവയിലും മറ്റുവിദേശ രാജ്യങ്ങളിലും കൊണ്ടുപോയത് ലോക മനുഷ്യാവകാശ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനാണെന്നുള്ള വാദം ഇന്ന് ചില കേന്ദ്രങ്ങൾ ഉയർത്താൻ ശ്രമിക്കുന്നുണ്ട്. ഇത് വ്യാജവും ബാലിശവുമാണെന്ന് ലോകമെമ്പാടും സാമ്രാജ്യത്വപ്പണം പറ്റി പ്രവർത്തിക്കുന്ന സംഘടനകളെക്കുറിച്ചും അവയുടെ ദൗത്യത്തെക്കുറിച്ചും അറിയാവുന്നവർക്കു് മനസ്സിലാവുന്നതാണ്. കഴിഞ്ഞ കാലത്തെ വിപ്ലവപ്രസ്ഥാനത്തിന്റെ പരിമിതികൾ പരിഹരിച്ചുകൊണ്ട് മാനന്തവാടിയിൽ വച്ച് സി.പി.ഐ.(എം.എൽ) റെഡ്ഫ്ളാഗിന്റെയും കേരള കർഷക തൊഴിലാളി സംഘടനയുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും മറ്റും നേതൃത്വത്തിൽ രൂപം കൊണ്ട ആദിവാസി ഭൂസംരക്ഷണവേദി കഴിഞ്ഞ ഒരു ദശകക്കാലമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളുടെ ദിശ തിരിച്ചുവിടാനും തകർക്കാനുമാണ് സർക്കാരുകളും വലതുപക്ഷ ശക്തികളും ശ്രമിച്ചുകൊണ്ടിരുന്നത്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് സംസ്ഥാനതലത്തിലുള്ള ആദിവാസി പ്രസ്ഥാനമായ ഭൂസംരക്ഷണവേദി മുന്നോട്ടു പോയത്. വയനാട്ടിലെ ചാലുഗദ്ദയിലും ചീമ്പൊയിലിലും മറ്റും ശ്മശാന ഭൂമി സംരക്ഷണത്തിനായി നടന്ന പ്രക്ഷോഭങ്ങൾ, കാൽ നൂറ്റാണ്ടിലേറെയായി കാരാപ്പുഴ പദ്ധതി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളുടെ പുനഃരധിവാസത്തിനു വേണ്ടി നടന്ന വിജയകരമായ പ്രക്ഷോഭം, ആദിവാസി പീഢനത്തിനെതിരെ ത്രിശ്ശിലേരിയിലെ വരിനിലം കോളനിയിൽ നടന്ന ജനകീയ വിചാരണ, അമേരിക്കൻ ചാരൻ വെബ്ബറിനെ വിചാരണചെയ്തത്, സിക്കിൾ സെൽ അനീമിയ നിവാരണത്തിനുവേണ്ടിയെന്ന പേരിൽ ഏഴരക്കോടി രൂപ വെട്ടിക്കാൻ ശ്രമിച്ച മാനന്തവാടിയിലെ ഒരു സന്നദ്ധ സംഘടനയെ

നിയമസഭാ സമിതിക്കുമുന്നിൽ തുറന്നുകാട്ടിയത്, കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് അട്ടപ്പാടിയിൽ കടുത്ത പോലീസ്മർദ്ദനത്തെയും ഭീകരതയെയും അതിജീവിച്ചുകൊണ്ട് നടത്തിയ അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കാനുള്ള സമരങ്ങൾ, ഫോറസ്റ്റുകാരുടെ ക്രൂരമർദ്ദനത്തെ അതിജീവിച്ച് ആദിവാസികളുടെ ഭൂമി സംരക്ഷിച്ചത്, അഗളിയിലെ ലോക്കപ്പ് മർദ്ദനത്തിനും തൃശൂർ ജില്ലയിലെ ആനപ്പാന്തം കോളനിയിലെ ഫോറസ്റ്റുകാരുടെ മർദ്ദനത്തിനെതിരെയും നടത്തിയ പോരാട്ടങ്ങൾ, കാസർക്കോട് ജില്ലയിൽ വംശഹത്യ നേരിട്ടുകൊണ്ടിരിക്കുന്ന കൊറഗ കോളനിയിൽ നടത്തിയ നിരവധി പ്രവർത്തനങ്ങൾ, പത്തനംതിട്ട ജില്ലയിൽ ആദിവാസി കൊലചെയ്യപ്പെട്ടതിനെതിരെയും, മറ്റു നിരവധി അവകാശ സംരക്ഷണത്തിനും വേണ്ടി നടത്തിയ പ്രക്ഷോഭങ്ങൾ, തിരുവനന്തപുരത്ത് നെടുമങ്ങാട് ഭാഗത്ത് നടന്ന ആദിവാസി സമരങ്ങൾ തുടങ്ങിയ എണ്ണമറ്റ സമരങ്ങളിലൂടെയാണ് ഭൂസംരക്ഷണവേദി അതിന്റെ കരുത്തും അടിത്തറയും വർദ്ധിപ്പിച്ചത്. സംസ്ഥാനതലത്തിൽ ആദിവാസി ഭൂനിയമം നടപ്പിലാക്കുന്നതിനും, ആദിവാസി കോളനികളിലെ അടിയന്തിരാവശ്യങ്ങൾ പരിഹരിക്കുന്നതിനും പോലീസ്-ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ അടിച്ചമർത്തലിനെതിരെയും സെക്രട്ടറിയേറ്റ് - രാജ്ഭവൻ മാർച്ചുകളും സംസ്ഥാന കൺവീനർ രവി കല്ലാച്ചി നടത്തിയ സെക്രട്ടറിയേറ്റിനു മുന്നിലെ അനിശ്ചിതകാല നിരാഹാര സമരവും മറ്റും വഴി ആദിവാസി പ്രക്ഷോഭങ്ങൾക്ക് സന്നദ്ധസംഘടനകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിന്നും മറ്റും വ്യത്യസ്തമായി ഒരു ശരിയായ രാഷ്ട്രീയ ദിശാബോധം വളർത്തിക്കൊണ്ടു വരുന്നതിൽ 'ഭൂസംരക്ഷണാ വേദി 'വിജയിച്ചിട്ടുണ്ട്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് സി.പി.ഐ(എം)ന് കേരളത്തിലെ തങ്ങളുടെ സംഘടനക്ക് ആദിവാസി വിരുദ്ധമായ നിലപാടാണുണ്ടായിരുന്നതെന്ന് കഴിഞ്ഞ പാർട്ടികോൺഗ്രസ്സിൽ അംഗീകരിക്കേണ്ടി വന്നത്. ഇപ്പോഴവർ ആദിവാസി മേഖലയിൽ ഒരു സംഘടനക്കു രൂപംകൊടുത്ത് കഴിഞ്ഞിരിക്കുകയാണ്. അവരുമിപ്പോൾ വനഭൂമികയ്യേറ്റമടക്കം ഭൂസമരം നടത്തുന്നുണ്ട്.

മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ടുകൊണ്ട് ആദിവാസി ഭൂസംരക്ഷണവേദിയുടെയും സി.പി.ഐ(എം. എൽ)റെഡ്ഫ്ളാഗിന്റെയും നേതൃത്വത്തിൽ ആദിവാസി അതിക്രമങ്ങൾക്കെതിരെയും മുഖ്യമന്ത്രിയുടെ രാജി അവശ്യപ്പെട്ടുകൊണ്ടും 24 മണിക്കൂറിനകം തന്നെ

സുൽത്താൻബത്തേരി ടൗണിൽ ഉപവാസം ആരംഭിച്ചുകൊണ്ട് തുടങ്ങിയ സമരമിന്ന് ആദിവാസി മേഖലയിൽ നടന്ന വ്യാപകമായ മർദ്ദനത്തെ ചെറുക്കുന്നതിനും മറ്റു ജനാധിപത്യശക്തികളെ പ്രക്ഷോഭരംഗത്തേക്ക് കൊണ്ടുവരുന്നതിനും പ്രചോദനമായി മാറിയിട്ടുണ്ട്. ആദിവാസി മേഖലയിലെ അടിച്ചമർത്തൽ അവസാനിപ്പിക്കുക. മുത്തങ്ങ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുക. മുഖ്യമന്ത്രി ആന്റണി രാജിവെക്കുക. ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുക. സർക്കാർ വാഗ്ദാനം പാലിക്കുക. ആദിവാസി മേഖലയിൽ വിദേശപ്പണം പറ്റുന്ന സന്നദ്ധ സംഘടനകളെക്കുറിച്ച് സമഗ്രന്വേഷണം നടത്തുക. തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സി. പി. ഐ. (എം.എൽ) റെഡ്ഫ്ളാഗും ആദിവാസി ഭൂസംരക്ഷണ വേദിയും നടത്തുന്ന പ്രക്ഷോഭത്തിന് എല്ലാവിധ പിന്തുണയും നല്കണമെന്ന് ആദിവാസി സംഘടനകളോടും മുഴുവൻ പുരോഗമന ജനാധിപത്യ ശക്തികളോടും മനുഷ്യസ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**സി.പി.ഐ. (എം.എൽ.) റെഡ്ഫ്ളാഗ്**
**സംസ്ഥാന കമ്മിറ്റി**
**കണ്ണമ്മൂല, മെഡിക്കൽ കോളേജ് (പോസ്റ്റ്)**
**തിരുവനന്തപുരം.-11**
**ഫോൺ 0471 - 2448545**

- ⑤ ആദിവാസി മേഖലയിലെ അടിച്ചമർത്തൽ അവസാനിപ്പിക്കുക.

- ⑤ മുത്തങ്ങ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുക.

- ⑤ മുഖ്യമന്ത്രി ആന്റണി രാജിവെക്കുക.


- ⑤ ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുക. സർക്കാർ വാഗ്ദാനം പാലിക്കുക.

- ⑤ ആദിവാസി മേഖലയിൽ വിദേശപ്പണം പറ്റുന്ന സന്നദ്ധ സംഘടനകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുക.

സംഭാവന : ആഞ്ച് രൂപ

Printed & Published by Secretary CPI (ML) Redflag State Committee.
Printed at Vijaya Publishers, Perumbavoor Ph : 2525544

# ആദിവാസി ഭൂപ്രക്ഷോഭത്തെ പിന്തുണക്കുക



സി. പി. ഐ (എം. എൽ) [illegible]
[illegible] കമ്മിറ്റി

# ആമുഖം

മുത്തങ്ങ കൂട്ടക്കുരുതിക്കുശേഷവും ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ജനാധിപത്യപരമായ ഒരു സമീപനം സ്വീകരിക്കുവാൻ ആന്റണി സർക്കാർ തയ്യാറായിട്ടില്ല. ജനകീയ സമരങ്ങളേയും പ്രക്ഷോഭങ്ങളേയും അടിച്ചമർത്താനും മാറാട് പോലുള്ള വർഗ്ഗീയ കൂട്ടക്കൊലകൾക്ക് വഴിമരുന്നിട്ടുകൊണ്ട് ജനകീയ ഐക്യത്തെ തകർക്കാനുമാണ് UDF സർക്കാർ ശ്രമിക്കുന്നത്. ആന്റണി സർക്കാരിന്റെ കിരാതവാഴ്ചക്കെതിരായ കൂട്ടായ പ്രക്ഷോഭത്തെ തകർക്കാനും ഈ ജനവിരുദ്ധനയങ്ങളെ വെള്ളപൂശാനുമാണ് ജാതീയ-വർഗ്ഗീയശക്തികളടക്കം മുഴുവൻ വലതുപക്ഷശക്തികളും ശ്രമിക്കുന്നത്. ആദിവാസി ഭൂപ്രശ്നത്തെ തള്ളിക്കളഞ്ഞുകൊണ്ട് സ്വയംഭരണത്തിന്റെ പ്രശ്നം ഒറ്റമൂലിയായി അവതരിപ്പിച്ച വിദേശപ്പണം പറ്റുന്ന സംഘടനകളുടേയും ഗോത്രമഹാസഭയുടേയും നിലപാട് ഇന്ന് സർക്കാരിനെ പ്രതിക്കൂട്ടിൽ നിന്നും രക്ഷപ്പെടാനുള്ള അവസരമൊരുക്കിയിരിക്കുകയാണ്. ഒരു പതിറ്റാണ്ടിലേറെക്കാലമായി UDF, LDF സർക്കാരുകളുടെ സ്വാസ്ഥ്യം കെടുത്തിയ ആദിവാസി ഭൂപ്രശ്നത്തിൽ നിന്നും തലയൂരാനും വൻകിട ഭൂവുടമകളേയും തോട്ടമുടമകളേയും സഹായിക്കാനും വഴിയൊരുക്കുകയാണ് ഇതിലൂടെ ഇവർ ചെയ്യുന്നത്. മുൻ IAS-കാരനും ഇന്ത്യയിലെ വിദേശപ്പണം പറ്റുന്ന വളന്ററി സംഘടനകളുടെ ആചാര്യനുമായി അറിയപ്പെടുന്ന B.D. ശർമ്മയുടെ നേതൃത്വത്തിലുള്ള ഭാരതീയ ജന ആന്ദോളനും സ്വയംഭരണത്തിനുവേണ്ടിയുള്ള ദേശീയ മുന്നണിയും ചേർന്ന് ഇന്ത്യയിലെ ആദിവാസി മേഖലയിലെല്ലായിടത്തും സ്വയംഭരണ മുദ്രാവാക്യം മുന്നോട്ടു വെക്കാൻ തീരുമാനിച്ചു. അതിന്റെ ചുവടുപിടിച്ചാണ് വിദേശപ്പണം പറ്റുന്ന സംഘടനകളും അവർ സ്പോൺസർ ചെയ്യുന്ന തെക്കെയിന്ത്യയിൽ പ്രവർത്തിക്കുന്ന ആദിവാസി സംഘടനകളടക്കം 145 സംഘടനകൾ 'വിസ്താർ' എന്ന സംഘടനയുടെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ ഒത്തുകൂടി കേരളമടക്കം തെക്കെയിന്ത്യയിൽ സ്വയംഭരണ പ്രഖ്യാപനം നടത്താൻ തീരുമാനിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് ജാനുവും സംഘവും മുത്തങ്ങയിലെത്തി സ്വയംഭരണ പ്രഖ്യാപനം നടത്തിയത്. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വിദേശപ്പണം പറ്റുന്ന സംഘടനകൾ പ്രവർത്തിക്കുന്ന മാതൃകയിൽ ഇവിടെയും പ്രവർത്തനങ്ങൾ ആരംഭിക്കുകയെന്നതാണ് ഇവരുടെ മുഖ്യലക്ഷ്യം. ഇതിലൂടെ ആദിവാസിഭൂപ്രശ്നത്തെ കേന്ദ്രീകരിച്ചുകൊണ്ട് വളർന്നുവരുന്ന പ്രക്ഷോഭത്തിന്റെ ദിശാബോധം തിരിച്ചുവിടുന്നതിനും ഈ മേഖലയിലെ സംഘടിതപ്രസ്ഥാനങ്ങളെ തകർക്കുന്നതിനുമാണ് ഇവർ മുഖ്യമായും ലക്ഷ്യമിടുന്നത്. ഇവരുടെ നിലപാടുകൾക്ക് ആശയപരമായ അടിത്തറയൊരുക്കാനാണ് സക്കറിയ, വേണു തുടങ്ങിയ വലതുപക്ഷ ബുദ്ധിജീവികളും മദ്നിയെപ്പോലുള്ള വർഗ്ഗീയവാദികളും പത്രമുത്തശ്ശിമാരുടെയടക്കം സഹായത്തോടെ കിണഞ്ഞുപരിശ്രമിക്കുന്നത്. ഇത്തരം പ്രചാരവേലകളെ തുറന്നുകാണിച്ചു മുന്നോട്ടുവരേണ്ടത് പുരോഗമനശക്തികളുടെ അടിയന്തിരകടമയാണ്.

## ആദിവാസി ഭൂസമരം : ചരിത്രം

പതിനെട്ടാം നൂറ്റാണ്ടിൽ കൊളോണിയൽ നയങ്ങൾക്കെതിരെ രാജ്യത്തുടനീളം നിരവധി ആദിവാസി-കർഷക കലാപങ്ങൾ ഉയർന്നുവരികയുണ്ടായി. 1812-ലെ വയനാട്ടിലെ കുറിച്യകലാപം, സന്താൾ കലാപങ്ങൾ, വടക്കു-കിഴക്കൻ മേഖലയിലെ എണ്ണമറ്റ കലാപങ്ങൾ ഇവയെല്ലാം ഈ ഗണത്തിൽ പെടുന്നവയായിരുന്നു.

കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ കിസാൻസഭയുടെ പ്രവർത്തനം ആരംഭിച്ചതോടെ ഇന്ത്യയിലാകമാനം ബ്രിട്ടീഷ് ആധിപത്യത്തിനും ജന്മി-നാടുവാഴിത്തത്തിനുമെതിരെ നിരവധി കർഷകപോരാട്ടങ്ങൾ ഉയർന്നുവന്നു. ഈ സമരങ്ങളുടെ പൊതുധാരക്കൊപ്പം ആദിവാസിമേഖലകളിലും ധീരോദാത്തമായ ഒട്ടനവധി സമരങ്ങൾ വളർന്നുവരികയുണ്ടായി. മഹാരാഷ്ട്രയിലെ വാർളി കർഷകകലാപങ്ങൾ ഇവയിൽ ഏറെ ശ്രദ്ധേയമായിരുന്നു. നൂറ്റാണ്ടുകളായി തങ്ങൾ കൈവശം വച്ച ഭൂമി തട്ടിയെടുത്ത കൈയ്യേറ്റക്കാർക്കെതിരെയും ജന്മി-നാടുവാഴിത്തത്തിനെതിരെയും അവർ നടത്തിയ സമരങ്ങൾ 1940-കളുടെ അവസാനം സായുധപോരാട്ടങ്ങളായി വികസിക്കുകയുണ്ടായി.

സെമീന്ദാരി സമ്പ്രദായത്തിനും അതിന്റെ അടിച്ചമർത്തലുകൾക്കുമെതിരെ ആസാമിലെ ബ്രഹ്മപുത്ര താഴ്‌വരയിലും കച്ചാർ ജില്ലയിലെ സുറുമ താഴ്‌വരയിലും പതിനായിരക്കണക്കിന് ആദിവാസി കർഷകർ വിപ്ലവസമരങ്ങളുടെ വീരഗാഥകൾ സൃഷ്ടിച്ചു. ബംഗാളിലും തെലുങ്കാനയിലും ഉയർന്നുവന്ന കലാപങ്ങളിൽ ആയിരക്കണക്കിന് ഗോണ്ടുകളും സന്താളുകളും പങ്കെടുത്തിട്ടുണ്ട്. ഇത്തരം കർഷകസമരങ്ങളുടെ വളർച്ചയും ഉണർവ്വും 1950-കളോടെ മന്ദീഭവിക്കുകയാണുണ്ടായത്.

ആയിരത്തിതൊള്ളയിരത്തി നാൽപ്പതുകളിലെ കർഷകപ്രസ്ഥാനത്തിന്റെ തീക്ഷ്ണവും തീവ്രവുമായ പാരമ്പര്യത്തെ പിൻപറ്റിക്കൊണ്ട് ആരംഭിച്ച നക്സൽബാരി കർഷക കലാപത്തിൽ ആയിരക്കണക്കിന് സാന്താൾ കർഷകർ മുന്നണിപോരാളികളായി മറി, ആന്ധ്രയിലെ ശ്രീകാകുളത്തും ബീഹാറിലും ഒറീസ്സയിലും മറ്റും ആദിവാസിമേഖലകളിൽ കർഷക കലാപങ്ങൾ ഇതിന്റെ ഭാഗമായി വളർന്നുവരികയുണ്ടായി. കേരളത്തിലും സ. വർഗ്ഗീസിന്റെയും മറ്റും നേതൃത്വത്തിൽ വയനാട്ടിലെ ആദിവാസികൾ വിമോചനസ്വപ്നങ്ങളുമായി സമരപാതയിൽ അണിനിരന്നു.

ആയിരത്തിതൊള്ളയിരത്തി അറുപതുകളുടെ അവസാനവും '70-കളുടെ ആദ്യവുമായി വസന്തത്തിന്റെ ഇടിമുഴക്കമായി മുന്നേറിയ കർഷകകലാപങ്ങൾക്ക് ഇനിയും വിമോചനലക്ഷ്യങ്ങൾ പൂർത്തീകരിക്കാനായിട്ടില്ലെങ്കിലും കാർഷികവിപ്ലവം വീണ്ടും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കേന്ദ്രപ്രശ്നമാക്കാനും, ഭരണവർഗ്ഗങ്ങളെ കിടിലംകൊള്ളിക്കാനും ഇതിനായി. ഇന്ത്യൻ ഗ്രാമങ്ങൾ സ്ഫോടനാത്മകമായ ഒരവസ്ഥയിലേക്ക് നീങ്ങുകയാണെന്ന് അന്നത്തെ കേന്ദ്ര ആഭ്യന്തരമന്ത്രി തുറന്നു പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് എല്ലാ സംസ്ഥാനങ്ങളും കാർഷിക പരിഷ്കരണങ്ങൾക്കുവേണ്ടിയുള്ള അടിയന്തിര ശ്രമങ്ങൾ ആരംഭിക്കണമെന്നുള്ള നിർദ്ദേശവും കേന്ദ്രസർക്കാർ തന്നെ മുന്നോട്ടുവെച്ചു. കേരളത്തിലടക്കം 1970-കളിൽ ഭൂപരിഷ്കരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കാർഷികബന്ധ നിയമങ്ങൾ ഇന്ത്യയിലെ ഏറെക്കുറെ എല്ലാ സംസ്ഥാനങ്ങളിലും രൂപംകൊള്ളുന്നതിന്റെ ചരിത്രപശ്ചാത്തലം ഇതാണ്. അടിയന്തിരാവസ്ഥാ നാളുകളിൽ കേരളാ അസംബ്ലി പാസ്സാക്കിയ 1975-ലെ ആദിവാസി ഭൂനിയമവും ഈ പശ്ചാത്തലത്തിൽ തന്നെയാണ് രൂപംകൊണ്ടത്. നക്സൽബാരി കർഷകകലാപമടക്കം എണ്ണമറ്റ കർഷകസമരങ്ങൾക്ക് കാർഷികവിപ്ലവത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാനായില്ലെങ്കിലും അവയുടെ ഉപോൽപന്നമെന്ന രീതിയിൽ ആദിവാസി ഭൂനിയമമടക്കമുള്ള നിരവധി പുരോഗമനപരമായ നിയമങ്ങൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും ഭരണവർഗ്ഗങ്ങൾ നിർബന്ധിക്കപ്പെട്ടു. ആദിവാസികളടക്കമുള്ള ഇന്ത്യയിലെ കർഷകബഹുജനങ്ങൾക്ക് താൽക്കാലികാശ്വാസം പകരുന്നതിലും അത് വിജയിച്ചു. അടിയന്തിരാവസ്ഥയിലെ ആദിവാസി ഭൂനിയമത്തെ സംബന്ധിച്ച് വളരെ തെറ്റും ചരിത്രബോധത്തെ തന്നെ നിഷേധിക്കുന്നതുമാ യ ധാരണകൾ ഇപ്പോഴും രൂഢമൂലമായി നിലനിൽക്കുന്നുണ്ട്. അടിയന്തിരാവസ്ഥയുടെ കറുത്തനാളുകളിൽ വേണ്ടത്ര ചർച്ച നടത്താതെ എങ്ങനെയോ അബദ്ധത്തിൽ കടന്നുകൂടിയ ഒന്നായിട്ടാണ് ആദിവാസി ഭൂനിയമത്തെ എൽ.ഡി.എഫ്., യു.ഡി.എഫ്. മുന്നണികൾ ഇപ്പോഴും പ്രചരിപ്പിക്കുന്നത്. ഈ നിയമം ഇനിയും നടപ്പാക്കാതിരിക്കാൻ കഴിഞ്ഞമൂന്ന് പതിറ്റാണ്ടോളമായി മാറിമാറി വന്ന സർക്കാരുകൾക്ക് എളുപ്പത്തിൽ കഴിഞ്ഞത് മേൽപ്പറഞ്ഞ സാഹചര്യത്തിലാണ്.

കേരളാ അസംബ്ലി പാസ്സാക്കിയ '75-ലെ ആദിവാസി ഭൂനിയമത്തിന് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിന്റെ പ്രത്യേക പരിരക്ഷ നൽകിയിരുന്നു. സമൂഹത്തിന്റെ പൊതുധാരയിൽ നിന്നകന്ന് കൊടിയ ചൂഷണങ്ങളും മർദ്ദനങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് തികച്ചും അസംഘടിതരായിട്ടാണ് ആദിവാസികൾ ഇന്നും നിലനിൽക്കുന്നത്. ഭരണഘടനാപരമായ പരിഗണനകൊണ്ടു മാത്രമാണ് നിയമത്തിന്റെ കുരുക്കിൽ ശ്വാസംമുട്ടിയാണെങ്കിലും ആദിവാസി ഭൂനിയമം ഇന്നും നിലനിൽക്കുന്നത്.

## '75-ലെ ആദിവാസി ഭൂനിയമവും അതിന്റെ ചരിത്രവും

ആയിരത്തി തൊള്ളായിരത്തി അറുപതിലെ ധേബർ കമ്മീഷൻ നടത്തിയ പഠനത്തിന്റേയും മറ്റും അടിസ്ഥാനത്തിലുള്ള കമ്മീഷൻ

ശുപാർശയാണ് '75-ലെ ആദിവാസി ഭൂനിയമം രൂപംകൊള്ളുന്നതിലേക്ക് വഴിവച്ച ഘടകങ്ങളിലൊന്ന്. ഇതോടൊപ്പംതന്നെ 1971-ലെ സ്വകാര്യവന ദേശസാൽക്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് ആദിവാസികൾക്കും പട്ടിക ജാതിക്കാർക്കും ചില പരിരക്ഷകൾ അത് മുന്നോട്ടുവെക്കുകയുണ്ടായി. കൊളോണിയൽ കാലഘട്ടത്തിൽ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന മലബാറിൽ നടപ്പാക്കിയ പെർമനന്റ് സെറ്റിൽമെന്റ് ആക്ടിന്റേയും വനനിയമങ്ങളുടേയും മറ്റും ഫലമായി സവിശേഷമായ ഭൂബന്ധങ്ങളാണ് മലബാറിൽ നിലനിന്നിരുന്നത്. നിലമ്പൂർ-മഞ്ചേരി കോവിലകങ്ങളുടേയും മണ്ണാർ ക്കാട് മൂപ്പിൽ നായർ, കൂത്താളി യശമാൻ തുടങ്ങിയ വൻകിട ഭൂപ്രഭുക്കന്മാരുടേയും പുൽപ്പള്ളി-കൊട്ടിയൂർ തുടങ്ങിയ മേജർ ദേവസ്വങ്ങളുടേയും മറ്റും പേരിൽ നിലനിന്നിരുന്ന ലക്ഷക്കണക്കിന് ഏക്കർ വരുന്ന മലബാറിലെ സ്വകാര്യവനഭൂമി മൊത്തത്തിൽ ഭൂപരിഷ്ക്കരണത്തിന്റെ ഭാഗമായി ദേശസാൽക്കരിക്കപ്പെട്ടു. ഈ സ്വകാര്യവനങ്ങളെ ആശ്രയിച്ചു നിലനിന്നിരുന്ന ആദിവാസികളും കർഷകതൊഴിലാളികളും ഭൂരഹിതകർഷകരും അടക്കമുള്ള വിഭാഗങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ഒരു കമ്മീഷനെ നിയോഗിക്കുകയുണ്ടായി. മാധവമേനോന്റെ നേതൃത്വത്തിലുള്ള പ്രസ്തുത കമ്മീഷൻ ചില പ്രധാനപ്പെട്ട ശുപാർശകൾ സർക്കാരിന് നൽകുകയും ചെയ്തു. അതനുസരിച്ച് ദേശസാൽക്കരിക്കപ്പെട്ട വനഭൂമിയിൽ 50 ശതമാനം ആദിവാസികൾക്ക് നൽകണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നതാണ്. ഇതടക്കമുള്ള ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ സർക്കാർ ആ ഘട്ടത്തിൽ അംഗീകരിക്കുകയും 71-ലെ വനദേശസാൽക്കരണ നിയമത്തിന്റെ വ്യവസ്ഥയിൽ പെടുത്തു കയും ചെയ്തിരുന്നു. പക്ഷെ, ഫലപ്രദമായ രീതിയിൽ അത് നടപ്പാക്കുന്നതിനുള്ള യാതൊരുവിധ ശ്രമങ്ങളും നടന്നിരുന്നില്ല എന്നുള്ളതാണ് വസ്തുത. വയനാട്ടിലെ സുഗന്ധഗിരി അടക്കമുള്ള പ്രോജക്ടുകൾ പുരോഗമനപ്രസ്ഥാനങ്ങളുടെ കൂടി ശ്രമഫലമായി നടപ്പിലാക്കപ്പെട്ടവയായിരുന്നു. ഭാവനാപൂർണ്ണമായ ഒരു സംരംഭമായിട്ടാണ് അത് വിലയിരുത്തപ്പെട്ടത്. ഗോത്രമഹാസഭയും മുഖ്യമന്ത്രി ആന്റണിയും തമ്മിൽ തിരുവനന്തപുരത്ത് ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ മറ്റൊന്നും നടന്നില്ലെങ്കിലും ബ്യൂറോക്രസിയുടെ കെടുകാര്യസ്ഥതയുടെ പര്യായമായി മാറിയിരിക്കുന്ന സുഗന്ധഗിരി അടക്കമുള്ള പ്രോജക്ടുകൾ തകർക്കാനുള്ള പരിപാടി പൂർത്തീകരിച്ചിരിക്കുകയാണ്. സമരപ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തങ്ങളുടെ നിലപാടുകൾ പുനഃപരിശോധിക്കാൻ നിർബന്ധിതരായിരിക്കുകയാണ്.

### *നിക്ഷിപ്ത വനഭൂമിയും കമ്മീഷൻ നിർദ്ദേശവും*

സ്വകാര്യവനഭൂമി ദേശസാൽക്കരിച്ചുകൊണ്ടുള്ള സർക്കാർ നടപടിയുടെ ഭാഗമായി ഏറ്റെടുത്ത ഭൂമിയുടെ നിശ്ചിത ശതമാനം ആദിവാസികൾക്കും കർഷകതൊഴിലാളികൾക്കും നൽകാൻ വിസമ്മതിക്കുന്ന സർക്കാർ അതിനായി പറയുന്ന ന്യായം തീർത്തും അപഹാസ്യമാണ്. മാങ്കുളം മുതൽ മതികെട്ടാൻ വരെയുള്ള വനംകൈയ്യേറ്റങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ആരുടെ താൽപര്യങ്ങളാണ് സർക്കാർ സംരക്ഷിക്കുന്നതെന്ന് വ്യക്തമായി കാണാവുന്നതാണ്. ചോലവനങ്ങളെയടക്കം നശിപ്പിച്ചുകൊണ്ട് ഗുരുതരമായ പാരിസ്ഥിതികനാശം വരുത്തുന്ന വൻകിട കയ്യേറ്റക്കാരുടേയും വനലോബികളുടേയും താൽപര്യങ്ങളാണ് നാളിതുവരെ സർക്കാർ സംരക്ഷിച്ചുപോന്നിട്ടുള്ളത്. സ്വകാര്യ വന ദേശസാൽക്കരണ നിയമമനുസരിച്ച് വനഭൂമിയിൽ ആദിവാസികളുടെ അർഹമായ അവകാശം വനനശീകരണത്തിന്റെ പേരിൽ നിഷേധിക്കപ്പെടുമ്പോൾതന്നെ മതികെട്ടാനിലും മറ്റും റിസർവ്വുവനങ്ങൾ കേരളാ കോൺഗ്രസ് ഗ്രൂപ്പുകളെ കുടനിർത്തുന്നതിനുവേണ്ടിയും വനംമാഫിയകളുടെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടിയും യാതൊരു ദീക്ഷയുമില്ലാതെ വെട്ടിനശിപ്പിക്കുകയാണ് ചെയ്യുന്നത്.

### *ഭൂപരിഷ്കരണവും ആദിവാസികളും*

ആയിരത്തി തൊള്ളായിത്തി എഴുപതിലെ കാർഷികബന്ധനിയമം വഴി ജന്മിത്തം അവസാനിപ്പിക്കാനായെങ്കിലും സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ ഭൂ പരിഷ്ക്കരണം കേരളത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. എണ്ണമറ്റ ത്യാഗോജ്ജ്വല സമരങ്ങളുടെ ഫലമായി നടപ്പിലാക്കപ്പെട്ട കേരളത്തിലെ ഭൂപരിഷ്കരണം അഖിലേന്ത്യാതലത്തിൽ ഇന്നും മാതൃകയായി ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. നിരവധി പരിമിതികളുണ്ടായിരുന്ന കരടുനിയമംതന്നെ വൻകിട ഭൂവുടമകളുടെ താൽപര്യാനുസരണം നിരവധി വെട്ടിത്തിരുത്തലുകൾക്ക് വിധേയമാക്കപ്പെട്ടു. പിന്നീടും ബ്യൂറോക്രസിയുടേയും കോടതിയുടേയും മറ്റും അംഗീകാരത്തോടെ നിയമമാക്കപ്പെട്ടപ്പോഴേക്കും അതിന്റെ അന്തസ്സത്ത ചോർത്തുന്ന രീതിയിൽ വീണ്ടും വെള്ളം ചേർക്കപ്പെട്ടു. ഇത്തരം ദൗർബല്യങ്ങളെല്ലാം ഉള്ളപ്പോൾതന്നെ പാട്ടം, വാരം, കാണം തുടങ്ങി കുടിയായ്മാ സമ്പ്രദായത്തിനുകീഴിൽ അടിച്ചമർത്തപ്പെട്ടിരുന്ന ലക്ഷക്കണക്കായ കൃഷിക്കാരെ ജന്മിത്തത്തിന്റെ കൊടിയ ചൂഷണത്തിൽ നിന്നും മോചിപ്പിക്കാനും കാർഷികബന്ധനിയമത്തിന്റെ ഗുണഫലങ്ങൾ അവർക്ക് ലഭ്യമാക്കാനും കഴിഞ്ഞു എന്നുള്ളത് എടുത്തുപറയേണ്ട ചരിത്രനേട്ടം തന്നെയാണ്. അതുപോലെതന്നെ കുടികിടപ്പ് നിയമം നടപ്പിലാക്കുകവഴി ലക്ഷക്കണക്കിന് കുടികിടപ്പുകാർക്ക് താമ

സിക്കാനുള്ള ഭൂമി ലഭിച്ചു എന്നുള്ളതും ചെറിയകാര്യമല്ല.

കേരളത്തിലെ ആദിവാസികളിൽ വലിയൊരു വിഭാഗം സമൂഹത്തിന്റെ പൊതുധാരയിൽ നിന്നകന്നു നിന്നിരുന്നതുകൊണ്ട് കുടിയായ്മാ സമ്പ്രദായത്തിന്റെ ഭാഗമായുള്ള പാട്ടക്കാരും വാരക്കാരും കാണക്കാരുമല്ലാതിരുന്നതുകൊണ്ടുതന്നെ കാർഷിക പരിഷ്കരണ നിയമംവഴി നേരിട്ട് ആദിവാസികൾക്ക് കാര്യമായ നേട്ടങ്ങൾ ലഭിക്കുകയുണ്ടായില്ല. ഇതിനർത്ഥം വളരെ ചെറിയൊരു ന്യൂനപക്ഷം വരുന്ന ആദിവാസി കർഷകർക്കും കുടികിടപ്പുകാരായ ആദിവാസികൾക്കും നേട്ടമുണ്ടായില്ല എന്നല്ല. മറിച്ച്, ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് അവ പര്യാപ്തമായില്ല എന്നതാണ്. സംസ്ഥാനത്ത് ഭൂ പരിധി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആറര ലക്ഷം ഏക്കർ മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ അതിൽ പകുതിയിലേറെയും ഭൂവുടമകൾ വീണ്ടും തട്ടിപ്പിലൂടെയും നിയമത്തിന്റെ പഴുതുകളുപയോഗിച്ചുകൊണ്ടും തിരിച്ചുപിടിക്കുകയാണുണ്ടായത്. നിയമത്തിന്റെ പഴുതുകളടച്ചുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ അവ വിതരണം നടത്തിയിരുന്നുവെങ്കിൽ ആദിവാസികളുടെ ഭൂപ്രശ്നം ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിന് അത് സഹായകമാകുമായിരുന്നു.

### *1975-ലെ ആദിവാസി ഭൂനിയമവും UDF - LDF സർക്കാരുകളും*

ആദ്യമേ സൂചിപ്പിച്ചതുപോലെ നിരവധി സമരപ്രക്ഷോഭങ്ങളുടെ ഫലം കുടിയായിട്ടാണ് '75-ലെ ആദിവാസി ഭൂനിയമം കേരളാ അസംബ്ലി പാസ്സാക്കിയത്. അന്താരാഷ്ട്ര തലത്തിൽ ആദിവാസികളുടെ പരിരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ട് ഐക്യരാഷ്ട്രസഭയും മറ്റും ഇതിനായുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നതും ഈ സന്ദർഭത്തിൽ തന്നെയാണ്. അടിയന്തിരാവസ്ഥാ നാളുകളിൽ പാസ്സാക്കിയ ഈ നിയമം അന്നത്തെ സർക്കാരോ പിന്നീടു വന്ന സർക്കാരുകളോ നടപ്പിലാക്കാനുള്ള ബോധപൂർവ്വമായ യാതൊരു ശ്രമവും നടത്തുകയുണ്ടായില്ല. നീണ്ട 11 വർഷത്തെ കാത്തിരിപ്പിനു ശേഷം 1986-ലാണ് നിയമം നടപ്പിലാക്കാൻ ചില ശ്രമങ്ങൾ ആരംഭിച്ചത്. പക്ഷേ, വൻകിട കയ്യേറ്റക്കാരുടെ എതിർപ്പിനെ തുടർന്ന്, നിയമം നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ വീണ്ടും നീട്ടിവെക്കുകയാണുമുണ്ടായത്. ഇക്കാലയളവിൽ വിവിധ കേസുകളിലായി ആറു തവണ കേരളാ ഹൈക്കോടതി ആദിവാസി ഭൂനിയമം നടപ്പിലാക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. മാറി മാറി വന്ന UDF LDF സർക്കാരുകൾ ഹൈക്കോടതിവിധി മാനിക്കാനോ നിയമം നടപ്പിലാക്കാനോ സന്നദ്ധമായില്ല. നഷ്ടപ്പെട്ട ഭൂമി തിരിച്ചുകിട്ടുന്നതിനായി ആദിവാസികളിൽ ചെറിയൊരു വിഭാഗം മാത്രമാണ്

പരാതികൾ നൽകിയത്. നിയമത്തെക്കുറിച്ചുള്ള അജ്ഞതയും ഭൂരിപക്ഷം ഭൂമിയും നഷ്ടപ്പെട്ടത് 1960-നു മുമ്പായിരുന്നു എന്നതുകൊണ്ടും ആദിവാസിഭൂമിയെ സംബന്ധിച്ച് തെളിവായി രേഖകൾ നൽകാൻ കഴിയാതിരുന്നതുകൊണ്ടുമാണ് ഇങ്ങനെ സംഭവിച്ചത്. നൽകിയ പരാതിയുടെ കാര്യത്തിലാകട്ടെ, 4500-ൽ താഴെമാത്രം പരാതികളേ സർക്കാർ പരിഗണിച്ചുള്ളു. ബാക്കിയുള്ളവ സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് തള്ളിക്കളയുകയാണുണ്ടായത്. ഇക്കാലയളവിൽ അന്യാധീനപ്പെട്ട ഭൂമിയിൽ 25,000 -ലേറെ ഏക്കർ സ്ഥലം പിടിച്ചെടുത്ത് ആദിവാസികൾക്ക് വിതരണം നടത്താൻ ബാദ്ധ്യതപ്പെട്ട സർക്കാർ 8,000 -ത്തിൽ താഴെ ഏക്കർ ഭൂമി മാത്രമാണ് തർക്കഭൂമിയായിപ്പോലും പരിഗണിച്ചത്. 1996-ൽ ആന്റണി സർക്കാർ നിയമം ഭേദഗതി ചെയ്യാൻ ശ്രമിച്ചെങ്കിലും ആദിവാസി ഭൂസംരക്ഷണവേദിയുടേയും മറ്റും ശക്തമായ എതിർപ്പിന്റെ പശ്ചാത്തലത്തിൽ ഗവർണർ അത് തിരിച്ചയക്കുകയാണുണ്ടായത്. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള LDF മന്ത്രിസഭ '75-ലെ ആദിവാസി ഭൂനിയമത്തിന്റെ ഉള്ളടക്കത്തെ തന്നെ ചോർത്തിക്കളഞ്ഞുകൊണ്ട് കൊണ്ടുവന്ന നിയമം ഭരണഘടനാ വിരുദ്ധമാണെന്നു പറഞ്ഞുകൊണ്ട് ഹൈക്കോടതി തന്നെ അത് തള്ളിക്കളയുകയാണുണ്ടായത്. 1999-ൽ പുതിയൊരു നിയമം കൊണ്ടുവന്നതുതന്നെ സുപ്രീംകോടതിയിൽ സർക്കാർ നൽകിയ പെറ്റീഷൻ നിലനിൽക്കണമെങ്കിൽ സാങ്കേതികമായി ഇത്തരമൊരു നിയമം ഉണ്ടാക്കേണ്ടത് ആവശ്യമായിരുന്നതിനാലാണ്.

### *ആദിവാസി കരാറും ആദിവാസി ഭൂനിയമവും*

ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് നടയിൽ നടത്തിയ കുടിൽകെട്ട് സമരത്തെ തുടർന്ന് 2001 ഒക്ടോബർ 16ന് ആന്റണി സർക്കാരും ഗോത്രമഹാസഭയുമായി ഒരു 'കരാറു'ണ്ടാക്കി. ഭൂരഹിതരായ 45,000 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ മുതൽ സാദ്ധ്യതയനുസരിച്ച് അഞ്ചേക്കർ വരെ ഭൂമി നൽകാമെന്നും ആദിവാസിമേഖലയെ ഭരണഘടനയുടെ 5-ാം പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യാമെന്നുമാണ് പ്രധാനമായി 'കരാറി'ലുള്ളതായി ബന്ധപ്പെട്ട കക്ഷികൾ പ്രസ്താവിച്ചത്. ആദിവാസികളുടെ സമഗ്രവികസനത്തിന് ഉതകുന്ന തരത്തിലുള്ള ഒരു മാസ്റ്റർപ്ലാനാണ് ഇതെന്നും 2002 ജനുവരി 1 മുതൽ ഇത് നടപ്പാക്കുമെന്നും മുഖ്യമന്ത്രി ആന്റണി പ്രഖ്യാപിച്ചു. ഒത്തുതീർപ്പിനു ശേഷം ആദിവാസികളുടെ ഏകനേതാവ് സി.കെ. ജാനുവാണെന്ന് എ.കെ. ആന്റണി ശ്ലാഘിച്ചപ്പോൾ ഈ കരാർ സർക്കാർ നടപ്പാക്കുന്നതോടെ മുഖ്യമന്ത്രി ആന്റണിയുടെ നാമം ചരിത്രത്തിൽ തങ്കലിപികളാൽ രച്ക്കപ്പെടുമെന്നാണ് സി.കെ. ജാനു പ്രശംസിച്ചത്.

ആന്റണി - ജാനുമാരുടെ ആത്മനിഷ്ഠമായ ആഗ്രഹാഭിലാഷങ്ങൾക്കപ്പുറമുള്ള ചില വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളാണ് പിന്നീടുള്ള സംഭവങ്ങളിലേക്ക് കാര്യങ്ങളെ നയിച്ചത്. കേരളത്തിലെ ആദിവാസി ചരിത്രത്തിലെ ഏറ്റവും കറുത്ത അദ്ധ്യായം രചിക്കുകയായിരുന്നു പിന്നീട് ആന്റണി ചെയ്തത്. മുത്തങ്ങയിൽ ആദിവാസി കൂട്ടക്കൊല നടത്തിക്കൊണ്ട് എല്ലാ സമരങ്ങളേയും അടിച്ചമർത്താനും ചോരയിൽ മുക്കിക്കൊല്ലാനും തനിക്ക് യാതൊരു മടിയുമില്ലെന്നും അതാണ് UDF-ന്റെ നയമെന്നും ആന്റണി വീണ്ടും വീണ്ടും തെളിയിക്കുകയാണ് ഉണ്ടായത്. മുത്തങ്ങ സംഭവത്തെ തുടർന്ന് ക്രൂരമായ മർദ്ദനങ്ങളേറ്റു വാങ്ങിയ ജാനു ആന്റണിയേയും UDF സർക്കാരിനേയും അന്ന് പ്രശംസിച്ചുകൊണ്ടു പറഞ്ഞ കനപ്പെട്ട ഓരോ വാക്കുകളും ഇന്ന് തിരിച്ചെടുക്കാൻ നിർബന്ധിതയായിരിക്കുകയാണ്.

തിരുവനന്തപുരത്തെ കുടിൽകെട്ട് സമരം അവസാനിപ്പിക്കുന്നതിന് ഗോത്രസഭയും ആന്റണി സർക്കാരും തമ്മിൽ ഔപചാരികമായി യാതൊരു കരാറും ഉണ്ടാക്കിയിട്ടില്ലെന്നും അതുകൊണ്ടുതന്നെ അത് ലംഘിക്കപ്പെട്ടാൽ കോടതിയിലും മറ്റും ചോദ്യം ചെയ്യപ്പെടാൻ നിയമപരമായി യാതൊരു സാദ്ധ്യതയുമില്ലെന്നും അത് വഞ്ചനാപരമായ ഒരൊത്തുതീർപ്പ് മാത്രമായിരുന്നുവെന്നും മുഴുവൻ പുരോഗമനകാരികളും ജനാധിപത്യശക്തികളും അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നതാണ്. 1975-ലെ ആദിവാസി ഭൂനിയമം തള്ളിക്കളയാനുള്ള സർക്കാരുകളുടെ എല്ലാ ശ്രമങ്ങളേയും ആദിവാസി ഭൂ സംരക്ഷണ വേദിക്കും മറ്റു പുരോഗമന സംഘടനകൾക്കും ശക്തികൾക്കും ചെറുക്കാൻ കഴിഞ്ഞത് ഇന്ത്യൻ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിന്റെ പരിരക്ഷ നിയമത്തിനു ലഭിച്ചതുകൊണ്ടുകൂടിയാണ്. കോടതിയിൽ നിന്നും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറ്റപ്പെടുത്തലുകളേയും ശാസനകളേയും നേരിടാനും ഭൂപ്രശ്നത്തെ കേന്ദ്രീകരിച്ചുകൊണ്ട് വളർന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളെ മറികടക്കാനും ഗോത്രസഭയുടെ സമരം സമർത്ഥമായി ഉപയോഗിക്കുക എന്നുള്ള കൗടില്യതന്ത്രം പയറ്റുകയാണ് ആന്റണി സർക്കാർ ചെയ്തത്. അതോടൊപ്പം എ.ഡി.ബി. നിർദ്ദേശാനുസരണമുള്ള UDF വികസനനയത്തിന്റെ ഭാഗമായി പൊതുമേഖലയെ തകർക്കാനും കടലും നദികളും വനങ്ങളും വരെ സ്വകാര്യവൽക്കരിക്കാനും എല്ലാ ക്ഷേമപദ്ധതികളും വെട്ടിക്കുറക്കാനും സമയബന്ധിതമായ പദ്ധതികൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി അടിമത്തൊഴിലിൽ നിന്ന് മോചിപ്പിക്കപ്പെട്ട ആദിവാസികളെ പുനഃരധിവസിപ്പിക്കുന്നതിനായി രൂപംകൊടുത്ത പദ്ധതികളേയും സുഗന്ധഗിരി അടക്കമുള്ള കാർഷികഫാമുകളേയും മറ്റു ട്രൈബൽ പ്രോജക്ടുകളേയും ഇല്ലാതാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആദിവാസികളെപ്പോലെ തന്നെ ഏറെ കഷ്ടപ്പെടുന്ന പ്ലാന്റേഷൻ കോർപ്പറേഷനു

കീഴിലെ തൊഴിലാളികളേയും അവരുടെ തൊഴിലിൽ നിന്നും പറിച്ചെറിഞ്ഞു കൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷനേയും മറ്റുമില്ലാതാക്കാനും സർക്കാർ ശ്രമിക്കുകയാണ്.

മുത്തങ്ങ സംഭവത്തിനുശേഷം ഭൂരഹിതരായ ആദിവാസികൾക്ക് അഞ്ചേക്കർ വരെ ഭൂമി നൽകാമെന്നുള്ള യാതൊരു കരാറും രേഖാപരമായ ഒത്തുതീർപ്പുകളും തങ്ങളും ഗോത്രസഭയും തമ്മിൽ ഉണ്ടാക്കിയിട്ടില്ലെന്ന് K.P.C.C. പ്രസിഡന്റ് മുരളീധരൻ അടക്കമുള്ള നേതാക്കൾ പരസ്യമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അഞ്ചേക്കർ പോയിട്ട് ഒരേക്കർ പോലും ഭൂമി നൽകാനില്ലെന്ന് പറഞ്ഞ മുരളീധരനെ പിന്താങ്ങിക്കൊണ്ട് ഉമ്മൻചാണ്ടി പറഞ്ഞത് സർക്കാരും ഗോത്രസഭയും തമ്മിലുണ്ടാക്കിയത് കരാറല്ല, ചില ധാരണകൾ മാത്രമായിരുന്നു എന്നാണ്. ഒത്തുതീർപ്പോ ധാരണയോ എന്താണുണ്ടാക്കിയതെന്ന് പത്രപ്രതിനിധികൾ മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ വ്യക്തമായ മറുപടി പറയാതെ 'ഒത്തുതീർപ്പോ ധാരണയോ എന്തുമാവട്ടെ, ഞങ്ങൾ അവരുടെ പ്രശ്നം പരിഹരിക്കുമെന്ന്' പറഞ്ഞുകൊണ്ട് തന്ത്രപൂർവ്വം ആന്റണി ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ആദിവാസി മേഖലയിൽ പ്രക്ഷോഭ സമര രംഗത്തുള്ള ആദിവാസി ഭൂ സംരക്ഷണ വേദി അടക്കം ചെറുതും വലുതുമായ 40-ഓളം സംഘടനകളെ ജനാധിപത്യവിരുദ്ധമായ രീതിയിൽ ഒഴിവാക്കിയാണ് സർക്കാർ ഗോത്രസഭയുമായി ഒത്തുതീർപ്പുണ്ടാക്കിയത്. ഇത്തരമൊരു ഒത്തുതീർപ്പിലേക്കെത്തിച്ച സൗത്ത് സോൺ ആദിവാസി ഫോറം, ഫെഡിന തുടങ്ങിയ വളന്ററി സംഘടനകൾ ഇതു സംബന്ധിച്ച് ഇപ്പോഴുണ്ടായ വിവാദത്തിൽ പരസ്യമായി രംഗത്തുവന്ന് അഭിപ്രായം പറയാൻ ഇതുവരെ തയ്യാറായിട്ടില്ല.

### *മുത്തങ്ങയും തുടർന്നുള്ള സംഭവവികാസങ്ങളും*

മുത്തങ്ങ കൂട്ടക്കൊലക്കു ശേഷം പ്രക്ഷുബ്ധമായ ഒരു രാഷ്ട്രീയ അന്തരീക്ഷമാണ് കേരളത്തിൽ ഉരുത്തിരിഞ്ഞത്. ജനമനഃസ്സാക്ഷിയെ ഞെട്ടിച്ച ഈ കൂട്ടക്കുരുതിക്കെതിരെ ശബ്ദമുയർത്താനും സർക്കാർ നടപടിയെ അപലപിക്കാനും എതിർത്ത് പരാജയപ്പെടുത്താനും മുഴുവൻ പുരോഗമന-ജനാധിപത്യശക്തികളും മനുഷ്യസ്നേഹികളും രംഗത്തുവന്നു. ഈ സന്ദർഭത്തിൽ വലതുപക്ഷ മാധ്യമങ്ങളും പുരോഗമനപ്രസ്ഥാനങ്ങളെ എന്നെന്നും ശത്രുപക്ഷത്തു നിർത്തുന്ന സക്കറിയയെ പോലുള്ള ബുദ്ധിജീവികളും ഒരു ചോദ്യമുയർത്തി. 'നിങ്ങൾ ആരുടെ പക്ഷത്ത്', 'കൂട്ടക്കുരുതിയുടെ പക്ഷത്തോ അതോ ഗോത്രസഭയും അതിനെ സഹായിക്കുന്ന സംഘടനകളുടേയും പക്ഷത്തോ', അതോടൊപ്പം മുത്തങ്ങ കൂട്ടക്കൊലക്ക് പൗരസമൂഹം ഒന്നാകെ മാപ്പു പറയണമെന്നുള്ള അഭിപ്രായവും ഇവർ മുന്നോട്ടുവച്ചിരുന്നു.

എന്നാൽ മേൽസൂചിപ്പിച്ച നിലപാടുകളിൽ നിന്നും വ്യത്യസ്തമായി

മുത്തങ്ങ കൂട്ടക്കൊലയുടെ പൂർണ്ണ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണമെന്നും സംഭവത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും മുഖ്യമന്ത്രി രാജിവെക്കുകയും ചെയ്യേണ്ടതാണെന്ന ഖണ്ഡിതമായ നിലപാടാണ് സി.പി.ഐ. (എം.എൽ.) റെഡ്ഫ്ളാഗും ആദിവാസി ഭൂസംരക്ഷണവേദിയും മറ്റു പുരോഗമന വിഭാഗങ്ങൾ ഒന്നാകെയും മുന്നോട്ടുവെച്ചത്. ഇതോടൊപ്പംതന്നെ ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിന് '75-ലെ ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുക, സർക്കാർ പ്രഖ്യാപിച്ച വാഗ്ദാനം പാലിക്കുക, ദേശീയ താൽപര്യങ്ങളെ വരെ അപകടപ്പെടുത്തുന്ന അമേരിക്കൻ സി.ഐ.എ യുടേതടക്കമുള്ള വിദേശപ്പണം പറ്റുന്ന വളന്ററി സംഘടനകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവച്ചു. പുരോഗമനശക്തികളുടെ നിലപാടിനെ എതിർത്തുകൊണ്ട് "ഒന്നുകിൽ ആന്റണിയുടെ പക്ഷത്ത് അല്ലെങ്കിൽ ഗോത്രസഭയുടെ പക്ഷത്ത്" എന്ന നിലപാട് മുന്നോട്ടുവച്ചവരിൽ ചിലർ പിന്നീട് ചുവടുമാറ്റം നടത്തിക്കൊണ്ട് വളന്ററി സംഘടനയേയും ഗോത്രസഭയേയും എതിർക്കുന്നത് ഇന്ന് ആന്റണി സർക്കാരിനെയല്ലേ സഹായിക്കുക എന്ന സംശയങ്ങളും ആശങ്കകളും പ്രകടിപ്പിക്കാനാണ് ശ്രമിച്ചത്.

എന്നാൽ പുരോഗമനശക്തികളുയർത്തിയ മുദ്രാവാക്യങ്ങളും അത് പ്രാവർത്തികമാക്കാൻ നടത്തിയ പ്രക്ഷോഭ സമരങ്ങളും ശരിയാണെന്ന് അനുനിമിഷം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. മുത്തങ്ങ സംഭവത്തിനുശേഷം കൂട്ടക്കുരുതിയേയും പോലീസ് അടിച്ചമർത്തലിനേയും ശക്തമായി അപലപിക്കുക മാത്രമല്ല സുൽത്താൻ ബത്തേരി ടൗണിലടക്കം ആദിവാസികളെ പോലീസിന് പിടിച്ചുകൊടുക്കുന്ന അധോലോകശക്തികളെ നേരിട്ടുകൊണ്ടും ആദിവാസികളെ വേട്ടയാടിയ പോലീസ് - വലതുപക്ഷശക്തികൾക്കെതിരായി 24 മണിക്കൂറിനകം രംഗത്തുവരാൻ സി.പി.ഐ. (എം.എൽ.) റെഡ്ഫ്ളാഗിനും ആദിവാസി ഭൂസംരക്ഷണവേദിക്കും യുവജനവേദിക്കും മറ്റും കഴിഞ്ഞു. തുടർന്ന് നടത്തിയ ഉപവാസവും റിലേ സത്യാഗ്രഹവും മറ്റ് ക്യാമ്പെയിൻ പ്രവർത്തനങ്ങളും സമരപ്രക്ഷോഭങ്ങളും ആദിവാസികൾക്ക് ആത്മവിശ്വാസമുണ്ടാക്കുന്നതിന് സഹായിച്ചു. മുത്തങ്ങ സംഭവത്തിന്റെ പേരിൽ കൊടിയ മർദ്ദനങ്ങൾക്കിരയാവുകയും കള്ളക്കേസിൽ കുടുങ്ങി ജയിലിലടക്കപ്പെടുകയും ചെയ്ത നിരപരാധികളായ ആദിവാസികളെ ജാമ്യത്തിലിറക്കുന്നതടക്കമുള്ള റിലീഫ് പ്രവർത്തനങ്ങൾ സി.പി.ഐ. (എം.എൽ.) റെഡ്ഫ്ളാഗിന്റെ നേതൃത്വത്തിലുള്ള ഡിഫൻസ് കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുകയാണ്. ആന്റണി സർക്കാരിന്റെ എല്ലാത്തരത്തിലുമുള്ള അടിച്ചമർത്തലുകൾക്കുമെതിരെ ശരിയായ നിലപാടെടുക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടാനുള്ള രാഷ്ട്രീയമായ കരുത്തും പക്വതയും ആർജ്ജിക്കാൻ പുരോഗമനപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞത്. ഗോത്രസഭയുടേയും വളന്ററി

സംഘടനകളുടേയും തെറ്റായ നിലപാടുകളെ എതിർക്കുകയെന്നാൽ ആന്റണിയെ സഹായിക്കലാണെന്ന സക്കറിയാമാരുടെ ഭാഷ്യങ്ങൾ അതുകൊണ്ടു തന്നെ തീർത്തും അപഹാസ്യമാണ്.

എ.ഡി.ബി. നിർദ്ദേശാനുസരണം സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും അവകാശങ്ങൾ എടുത്തുമാറ്റിയ നടപടിയെ സ്വാഗതം ചെയ്തുകൊണ്ട് ആന്റണിക്കുവേണ്ടി കുരക്കാൻ ആദ്യം ചാടിപ്പുറപ്പെട്ടത് വലതുപക്ഷശക്തികൾക്കൊപ്പം ഇതേ ബുദ്ധിജീവികളായിരുന്നു. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഉജ്ജ്വലമായ സമരങ്ങളെ തകർക്കുന്നതിനുവേണ്ടി 'ഇനിയും താ' സമരങ്ങളാണിതെന്ന് ആക്ഷേപിച്ചുകൊണ്ടായിരുന്നു മുത്തശ്ശിപത്രത്തിൽ സക്കറിയ കോളമെഴുതിയത്. ഗോത്രസഭ തിരുവനന്തപുരത്ത് നടത്തിയ കുടിൽകെട്ട് സമരത്തെ മാതൃകയായി ഇവർ ചൂണ്ടിക്കാട്ടി. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സമരത്തെ എതിർക്കുന്നതിനുവേണ്ടി ആന്റണി അണിനിരത്തിയത് ഗോത്രസഭക്കാരെയും ഫാ. വടക്കേമുറി അടക്കമുള്ള ഇൻഫാംകാരെയും മറ്റുമായിരുന്നു. പിന്നീട് ഇതേ ആന്റണി തന്നെയായിരുന്നു ഇവരെ അടിച്ചമർത്തിയതെന്നത് വിധിയുടെ ക്രൂരമായ ഫലിതമായി കാണാതെ അതിൽനിന്ന് ചില പാഠങ്ങൾ പഠിക്കേണ്ടതുണ്ടെന്നതാണ് ഇത് വ്യക്തമാക്കുന്നത്.

### *എന്തുകൊണ്ട് ജുഡീഷ്യൽ അന്വേഷണം?*

മുത്തങ്ങ കൂട്ടക്കൊലയുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി വസ്തുതകളാണ് ഇനിയും പുറത്ത് വരേണ്ടിയിരിക്കുന്നത്. വെടിവെപ്പുമായി ബന്ധപ്പെട്ട് എത്രപേർ മരിച്ചുവെന്നും പോലീസ് നടപടികളെ തുടർന്ന് എത്രപേർക്ക് പരിക്കേറ്റുവെന്നും കാണാതായവരെത്രയെന്നുമുള്ളതിനെ കുറിച്ച് ഒട്ടേറെ ദുരൂഹതകളാണ് ഇന്നും നിലനിൽക്കുന്നത്. മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ടുള്ള പോലീസ് നടപടി ഒഴിവാക്കാമായിരുന്നു എന്നുള്ളതും പോലീസ് നടപടിക്കുമുമ്പ് അവശ്യം പാലിച്ചിരിക്കേണ്ട-പൂർത്തീകരിച്ചിരിക്കേണ്ട മുഴുവൻ നടപടിക്രമങ്ങളും പാലിച്ചിരുന്നോ എന്നുള്ളതും പ്രധാനമായ അന്വേഷണ വിഷയമാണ്. ഈ സംഭവത്തിന്റെ മറവിൽ വൃദ്ധർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പൈശാചികമായ മർദ്ദനങ്ങളും വിവിധ തരത്തിലുള്ള പീഡനങ്ങളും ഏൽക്കേണ്ടിവന്നത് സമഗ്ര അന്വേഷണത്തിന്റെ പരിധിയിൽ വരേണ്ടതാണ്. മുത്തങ്ങ കൈയ്യേറ്റവുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പ് ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളും ഉദ്യോഗസ്ഥരും ഭരണമുന്നണി രാഷ്ട്രീയ നേതാക്കളും മറ്റു ചില സംഘടനകളും വഹിച്ച പങ്ക് പരിശോധിക്കപ്പെടേണ്ടതുണ്ട്. മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് വെടിവെപ്പ് ആരംഭിക്കുന്നതിന് മുമ്പും ശേഷവുമായി 18 മണിക്കൂർ മാധ്യമ പ്രവർത്തകരെ സംഭവസ്ഥലത്തുനിന്ന് അകറ്റിനിർത്തിയതും ചില മാധ്യമപ്രവർത്തകരെ ക്രൂരമായി പീഡിപ്പിച്ചതും വെടിവെപ്പിന് തെളിവുകളാകേണ്ട പലതും തീവച്ച് നശിപ്പിച്ചതും

ദുരൂഹമായി ചിലത് നീക്കം ചെയ്യാൻ ജെ.സി.ബി. ഉപയോഗിച്ചതും അന്വേഷിച്ച് കണ്ടെത്തേണ്ട കാര്യമാണ്. കയ്യേറ്റം ആരംഭിച്ചതു മുതൽ മുത്തങ്ങ സംഭവം അരങ്ങേറുന്നതുവരെ ഒന്നരമാസത്തോളം നൂറുകണക്കിന് ആളുകൾ എങ്ങനെ അവിടെ നിലനിന്നിരുന്നുവെന്നും ഇതിന്റെ പ്രവർത്തകർക്ക് വളന്ററി സംഘടനകൾ വഴിയോ മറ്റോ ബാഹ്യമായ സഹായങ്ങൾ ലഭിച്ചിരുന്നോ എന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം സംഘടനകൾ വഴി, എങ്ങിനെയെല്ലാം എന്നുള്ളതുമൊക്കെ അന്വേഷണത്തിന്റെ പരിധിയിൽ വരേണ്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. മുത്തങ്ങ സംഭവത്തിന് വർഷങ്ങൾക്ക് മുമ്പ് സൗത്ത്സോൺ ആദിവാസി ഫോറം മാനന്തവാടിയിൽ സംഘടിപ്പിച്ച ആദിവാസി സംഗമത്തിന് ചുക്കാൻ പിടിച്ചത് സി.ഐ.എ. ചാരനും ജർമ്മൻകാരനുമായ വെബ്ബറും അയാളുടെ സഹായികളായിവർത്തിച്ച മറ്റു ചില വിദേശികളുമായിരുന്നു. ഇവരടക്കമുള്ള ചിലരെക്കുറിച്ച് പിന്നീട് അന്വേഷണം നടത്താൻ ഉത്തരവാദപ്പെട്ടവർ തയ്യാറായില്ല എന്നതും മുത്തങ്ങ സംഭവത്തിനു മുമ്പ് ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾക്കായി ഇവിടെയെത്തിയ വിദേശികളെക്കുറിച്ചും ഇതോടൊപ്പം അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. കേസുമായി ബന്ധപ്പെട്ട് നിരപരാധികളായ ചിലർക്രൂരമായി പീഡിപ്പിക്കപ്പെടുകയും കേസിൽ പ്രതിയാക്കപ്പെടുക യും ചെയ്തപ്പോൾ അച്ചടി/ദൃശ്യമാദ്ധ്യമങ്ങൾ സംഭവങ്ങൾക്ക് നേതൃത്വം കൊടുത്തു എന്ന് പറഞ്ഞവർ അറസ്റ്റുചെയ്യപ്പെടുകയോ പ്രതിയാക്കപ്പെടുകയോചെയ്തില്ല എന്നുള്ളത് ഇതിന്റെദുരൂഹത ഒന്നുകൂടിവർദ്ധിപ്പിക്കുന്നതാണ്.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ പ്രധാനപ്പെട്ടപലതും C.B.I. അന്വേഷണത്തിന്റെ പരിധിയിൽ പെടുന്നതിനപ്പുറമുള്ള രാഷ്ട്രീയമാനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് സർക്കാരിന്റെ നിയന്ത്രണത്തിനും പോലീസിന്റെ പരിധിക്കും അപ്പുറമുള്ള അന്വേഷണമാണ് ആവശ്യമെന്നും അതിന് ജുഡീഷ്യൽ അന്വേഷണമാണ് അഭികാമ്യമെന്നും സി.പി.ഐ. (എം.എൽ.) റെഡ്ഫ്ളാഗ് അടക്കമുള്ള പുരോഗമനശക്തികൾ ശക്തിയായി ആവശ്യപ്പെട്ടത്. ഈ വിഷയത്തിൽ മുത്തങ്ങ സംഭവം നടന്ന് 24 മണിക്കൂറിനകം തന്നെ C.B.I.അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഗോത്രസഭയുടെ പേരിൽ ഒരു പ്രസ്താവന ചില മാധ്യമങ്ങളിൽ വന്നിരുന്നു. സർക്കാർ C.B.I. അന്വേഷണം പ്രഖ്യാപിച്ചപ്പോൾ ഗോത്രസഭയാണ് ആദ്യം അതിനെ സ്വാഗതം ചെയ്തത്. ഇതെല്ലാം പരിശോധിക്കുമ്പോൾ സർക്കാരിനെ പോലെ തന്നെ ഗോത്രസഭയും എന്തിനേയോ ഭയക്കുന്നുണ്ടെന്ന് വ്യക്തമാണ്.

ജുഡീഷ്യൽ അന്വേഷണമെന്ന പുരോഗമന ശക്തികളുടെ ആവശ്യം ഉയർന്നുവരികയും ഈ ആവശ്യത്തിന് വിപുലമായ പിന്തുണ ലഭിക്കുകയും ചെയ്തപ്പോൾ സി.പി.ഐ. (എം)ഉം സമരപ്രക്ഷോഭങ്ങളിൽ സജീവമായി രംഗത്തുവരികയും ജുഡീഷ്യൽ അന്വേഷണം എന്ന ആവശ്യം ശക്തിയായി

ഉയർത്തുകയും ചെയ്തിരുന്നു. എന്നാൽ മുൻസർക്കാരിന്റെ കാലത്ത് നടന്ന ചില അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണമെന്ന തുരുപ്പുചീട്ട് സർക്കാർ ഇറക്കിയപ്പോൾ അവസരവാദപരമായി C.B.I. അന്വേഷണത്തിന് അവർ വഴങ്ങുകയാണുണ്ടായത്. മുഖ്യമന്ത്രിയുടെ രാജിയുടെ വിഷയത്തിലും C.B.I. അന്വേഷണത്തിന്റെ കാര്യത്തിലും '75-ലെ ഭൂനിയമത്തിന്റേയും അത് ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന്റെ കാര്യത്തിലും മറ്റും ഗോത്രസഭയും സി.പി.ഐ. (എം) ഉം തമ്മിൽ പൊതുസമ്മതം പലപ്പോഴും പങ്കിടുന്നുണ്ട്. അഖിലേന്ത്യാ തലത്തിൽ ഹിന്ദുത്വശക്തികൾ അധികാരത്തിലേറിയതോടെ C.B.I. യുടെ ചോർന്നുകൊണ്ടിരിക്കുന്ന പൊതുവിശ്വാസ്യത പാടെ തകരുന്ന അവസ്ഥയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. വർഗ്ഗീയഫാസിസ്റ്റ് സർക്കാർ C.B.I. യെ വെറുമൊരു രാഷ്ട്രീയ ചട്ടുകമാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് C.B.I. അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടും മുഖ്യമന്ത്രിയുടെ രാജിയും ജുഡീഷ്യൽ അന്വേഷണവും ആവശ്യപ്പെട്ടുകൊണ്ടുള്ള ക്യാമ്പെയിൻ പ്രവർത്തനങ്ങളും സമര പ്രക്ഷോഭങ്ങളും ശക്തിയായി മുന്നോട്ടുകൊണ്ടുപോകാൻ സി.പി.ഐ. (എം.എൽ.) റെഡ്ഫ്ളാഗ് തീരുമാനിച്ചത്.

## *ആദിവാസികളും സ്വയംഭരണവും*

സ്വയംഭരണത്തെ സംബന്ധിച്ച് ഭരണഘടനയിൽ പറയുന്ന സ്വയം ഭരണ സങ്കല്പവും വിദേശപ്പണം പറ്റുന്ന വളന്ററി സംഘടനകളും മറ്റു ചില സംഘടനകളും മുന്നോട്ടുവെക്കുന്ന ആദിവാസി സ്വയംഭരണസങ്കല്പവും തമ്മിലുള്ള വ്യത്യാസം ഇന്ന് ചർച്ചകളിൽ വ്യക്തമാണ്. സ്വയംഭരണത്തെക്കുറിച്ച് ജനാധിപത്യവാദികൾ പറയുന്നതും ഹിൽഡ, ഫെഡിന, സോളിഡാരിറ്റി, സൗത്ത്സോൺ ആദിവാസി ഫോറം തുടങ്ങിയ സംഘടനകളും മറ്റും പ്രചരിപ്പിക്കുന്ന ആശയങ്ങളും വ്യത്യസ്തമാണ്. വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ അമേരിക്കൻ-ബ്രിട്ടീഷ് പണവും മറ്റും പറ്റി പ്രവർത്തിക്കുന്ന ഇത്തരം വളന്ററി സംഘടനകൾ മുന്നോട്ടുവെക്കുന്ന വീക്ഷണം സ്വയം ഭരണമെന്നാൽ സായുധ കലാപങ്ങളിൽ ഊന്നുന്ന വിഘടനവാദമാണ് എന്നാണ്. അതുകൊണ്ടുതന്നെ രാജ്യത്തിന്റെയും ജനതയുടെയും തല്പര്യങ്ങൾക്ക് എതിരായ സന്നദ്ധ സംഘടനകളുടെ സ്വയംഭരണവാദ നിലപാടുകൾ ഗൗരവപൂർവ്വം പരിശോധനാവിഷയമാക്കേണ്ടതുണ്ട്. ഗോത്രസഭ തിരുവനന്തപുരത്ത് നടത്തിയ കുടിൽകെട്ടൽ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പിൽ ആദിവാസി പ്രദേശങ്ങൾ 5-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യാമെന്ന് കേരളസർക്കാർ പ്രഖ്യാപിക്കുമ്പോഴാണ് ഗോത്രസഭ ഇത്തരമൊരു ഡിമാന്റ് ഗൗരവപൂർവ്വം ഉന്നയിച്ച വിവരം പൊതുവിൽ

ചർച്ച ചെയ്യപ്പെടുന്നത്. മുത്തങ്ങ സംഭവത്തിനുശേഷം, കേരളത്തിൽ ആദിവാസിഭൂരിപക്ഷപ്രദേശങ്ങൾ ഇല്ലാത്തതുകൊണ്ട് കേരളം, തമിഴ്നാട്, കർണ്ണാടകം, ഗോവ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ ആദിവാസികൾ കൂടുതലുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സഹ്യാദ്രി സംസ്ഥാനം സ്ഥാപിച്ചുകൊണ്ടുമാത്രമേ ആദിവാസി സ്വയംഭരണം യാഥാർത്ഥ്യമാവൂ എന്ന ആശയം ചില ശക്തികൾ പ്രചരിപ്പിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇതിന്റെ പിറകിൽ പ്രവർത്തിക്കുന്ന ശക്തികൾ ഈ ആവശ്യം നേടുന്നതിനുവേണ്ടി ആദിവാസികൾ അടക്കമുള്ള രാജ്യത്തെ മുഴുവൻ ബഹുജനങ്ങളുടെയും താൽപര്യങ്ങൾക്കെതിരെ ഗൂഢാലോചനാപരമായ നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗോത്രസഭയുടെ പ്രവർത്തനങ്ങളെയും സമരങ്ങളേയും മറയാക്കിക്കൊണ്ട് നടത്തുന്ന ഈ നീക്കങ്ങൾ തികച്ചും അപകടകരമായ ഒന്നാണ്. ആദിവാസി സമര അജണ്ടയിൽ നിന്ന് ഭൂപ്രശ്നവും സർക്കാരിന്റെ വാഗ്ദാനലംഘനവും ചതിയും മറ്റും ചർച്ച ചെയ്യപ്പെടാതെ പോകുന്നു എന്നതാണ് കാതലായ കാര്യം. ആദിവാസികൾ നാളിതുവരെ നടത്തിയ സമരങ്ങളുടെ ലക്ഷ്യം സ്വയംഭരണം നേടിയെടുക്കലായിരുന്നുവെന്നും മുത്തങ്ങ സമരത്തോടെ അത് തെളിയിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ് ഗോത്രസഭക്കാർ തങ്ങളുടെ 'സന്ദേശയാത്രയിൽ' പ്രചരിപ്പിക്കുന്നത്. ആദിവാസികൾ കേന്ദ്രീകരിച്ചുള്ള പ്രദേശങ്ങൾ കേരളത്തിലില്ലാത്തതു കൊണ്ടും ഉള്ള പ്രദേശങ്ങളിൽ തന്നെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടകലർന്നു നിലനിൽക്കുന്നതുകൊണ്ടും ഛത്തീസ്ഗഢ്, ആന്ധ്ര തുടങ്ങിയ ഒമ്പതോളം സംസ്ഥാനങ്ങളിൽ നടപ്പാക്കിയതുപോലുള്ള 'സ്വയംഭരണം' ഇവിടെ പ്രാവർത്തികമല്ല. ഈ സംസ്ഥാനങ്ങളിൽ തന്നെ ആദിവാസികളുടെ നഷ്ടപ്പെട്ടുപോയ ഭൂമി വീണ്ടെടുക്കുന്നതിനോ ഉള്ളവ പരിരക്ഷിക്കുന്നതിനോ പോലും കഴിഞ്ഞിട്ടുമില്ല. ഭൂമിയുടെ കാര്യത്തിൽ മാത്രമല്ല തൊഴിൽ, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ജീവത്തായ വിഷയങ്ങളിലൊന്നും തന്നെ കാര്യമായ നേട്ടങ്ങളൊന്നും കൈവരിക്കാനുമായിട്ടില്ല. ബ്രിട്ടീഷ് ഭരണ കാലം മുതൽ ആദിവാസി ഭൂരിപക്ഷ പ്രദേശമായ ആന്ധ്രാപ്രദേശിലെ ശ്രീകാകുളം 'ഏജൻസി ഏരിയ' എന്നാണ് അറിയപ്പെട്ടിരുന്നത്. ഇത്തരം ചില പിന്നോക്ക പ്രദേശങ്ങളിൽ ആദിവാസി താൽപര്യം പരിഗണിച്ചുകൊണ്ട് ചില പ്രത്യേക പരിരക്ഷകൾ കൊളോണിയൽ കാലഘട്ടത്തിൽ നൽകിയിരുന്നു. എങ്കിൽപ്പോലും കൊളോണിയൽ ഭരണത്തിന് ശേഷവും ഭരണഘടനാപ്രകാരമുള്ള 5-ാം ഷെഡ്യൂളിന്റെ പ്രത്യേക പരിരക്ഷ നൽകിയിട്ടും കാര്യമായ നേട്ടങ്ങളൊന്നും ആദിവാസിവിഭാഗങ്ങൾക്ക് നേടിയെടുക്കാനായിട്ടില്ല. എന്നാൽ നക്സൽബാരി സമരത്തെ തുടർന്ന് വിപ്ലവ പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി മാത്രമാണ് ചില മാറ്റങ്ങളെങ്കിലും അവിടെ ഉണ്ടാക്കാനായത്. 40,000-ത്തിലേറെ ആദിവാസികളെ അടിമത്തൊഴിലിൽ

നിന്ന് മോചിപ്പിക്കാനും 10,000 കണക്കിനേക്കർ കൃഷിഭൂമി വീണ്ടെടുത്ത് ആദിവാസികൾക്ക് നൽകുന്നതിനും 1968-'69 സമരകാലത്ത് പ്രസ്ഥാനത്തിന് കഴിഞ്ഞിരുന്നു. തുടർന്ന് ശ്രീകാകുളത്തും ഇന്ത്യയിലാകമാനവുമുണ്ടായ തിരിച്ചടികൾ മൂലം ആ ദിശയിൽ എം.എൽ. പ്രസ്ഥാനത്തിന് കാര്യമായി മുന്നോട്ട് നീങ്ങാനായില്ല. എങ്കിൽപ്പോലുമത് ആദിവാസി ഭൂപ്രശ്നത്തിന് വലതുപക്ഷ ശക്തികളുടെ പരിഷ്ക്കരണവാദപരമായ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു പാത മുന്നോട്ടുവെക്കാൻ കഴിഞ്ഞു എന്നുള്ളത് എടുത്തുപറയേണ്ട നേട്ടം തന്നെയാണ്.

ആദിവാസികൾ ഭൂരിപക്ഷമുള്ള ഇന്ത്യയിലെ വടക്കു-കിഴക്കൻ പ്രദേശങ്ങൾ പൊതുവിൽ ഭരണഘടനയുടെ 6-ാം ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണങ്ങൾക്കകത്തുനിന്നുകൊണ്ട് ചില സവിശേഷ അവകാശങ്ങൾ ഇത്തരം കൗൺസിലുകൾക്ക് നല്കിയിട്ടുണ്ട്. ഈ ജില്ലാ കൗൺസിലുകൾക്ക് അതിന്റെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഭരണനിർവ്വഹണത്തിലും നീതിനിർവ്വഹണത്തിലും മറ്റുമായി നിയമനിർമ്മാണങ്ങൾക്കടക്കം ചില അധികാരങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും കൗൺസിലിന്റെ പരിമിതികളും ആഗോളവൽക്കരണനയങ്ങളും സ്വയംഭരണമെന്നതിനെ പൊള്ളയാക്കുന്നുവെന്നതാണ് അനുഭവങ്ങൾ തെളിയിക്കുന്നത്.

### *ഭൂരിയാ കമ്മിറ്റി ശുപാർശകളും ആദിവാസികളും*

മദ്ധ്യപ്രദേശിൽ നിന്നുള്ള കോൺഗ്രസ്സ് (ഐ) എം.പി.യായ ദിലീപ്സിംഗ് ഭൂരിയായുടെ നേതൃത്വത്തിൽ ഒരു 16 അംഗ പാർലമെന്ററി കമ്മിറ്റിയെ 1994-ൽ സർക്കാർ നിയോഗിച്ചിരുന്നു. പഞ്ചായത്തുകളെ സംബന്ധിച്ച വ്യവസ്ഥകൾ എങ്ങനെ പട്ടിക പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാം എന്നതായിരുന്നു കമ്മിറ്റിയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തം. 1991-ൽ നരസിംഹറാവു തുടങ്ങിവച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന നയങ്ങൾ എങ്ങനെ പട്ടിക പ്രദേശങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാമെന്നതായിരുന്നു യഥാർത്ഥത്തിൽ ഭൂരിയ കമ്മിറ്റിയിൽ അർപ്പിതമായ ഉത്തരവാദിത്തം.

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് പഞ്ചായത്തിരാജ്-നഗരപാലികാനിയമം കൊണ്ടുവന്നത് പട്ടിക പ്രദേശങ്ങളിലേക്ക് അഖിലേന്ത്യാതലത്തിൽ തന്നെ ഈ നയങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. ഈ രീതിയിലുള്ള അധികാരവികേന്ദ്രീകരണം കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ നടപ്പാക്കിയതിന്റെ അനുഭവം നമ്മൾ കണ്ടതാണല്ലോ. അധികാര വികേന്ദ്രീകരണത്തിന്റെ പേരു പറഞ്ഞുകൊണ്ട് ഉദാരവത്ക്കരണ-സ്വാകാര്യവത്ക്കരണ നയങ്ങൾ നടപ്പിലാക്കാനും എല്ലാത്തരം സാമൂഹ്യ ഉത്തരവാദിത്വങ്ങളിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പിന്മാറാനുമുള്ള തന്ത്രം മാത്രമായിരുന്നു ഇതെന്ന്

വ്യക്തമായതാണ്. ഛത്തീസ്ഗഢിലും മറ്റും ആദിവാസി ഭൂരിപക്ഷ പ്രദേശത്തുകൂടി ഒഴുകുന്ന നദികൾ സ്വകാര്യവത്ക്കരിക്കുമ്പോൾ അതിൽ നിന്ന് ഒരു തുള്ളി വെള്ളമെടുക്കുന്നതിനുള്ള അവകാശം പോലും നൽകാനുള്ള അധികാരം ഏറ്റവും ഉദാത്തവത്ക്കരിക്കപ്പെടുന്ന ഈ 'സ്വയംഭരണ' ത്തിനില്ല തന്നെ. ആദിവാസി പ്രദേശത്ത്, മുഖ്യമായും ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ ഭൂമിയിൽ നിന്നുവരെ അവരെ ആട്ടിയകറ്റാനും ജൈവവൈവിധ്യങ്ങളെയും വിഭവങ്ങളെയും ലക്ഷ്യമാക്കി 'ആദിവാസി വിമുക്തമായ കാട്' സൃഷ്ടിക്കാനുമാണ് ഇതിലൂടെ ശ്രമിക്കുന്നത്. ആഗോളവത്ക്കരണനയങ്ങൾ പിൻപറ്റുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുതിയ വനനയവും വനമാനേജുമെന്റും വളർത്താൻ ശ്രമിക്കുന്നത് ഈ നയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ്. ഗോത്രവർഗ്ഗക്കാരന്റെ വിവിധ 'അറിവുകളും' അവരുടെ ജീവിതവും സംസ്ക്കാരവും, ശരീര അവയവങ്ങൾ വരെയും ഇന്ന് പുത്തൻ ചൂഷണോപാദികളായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ആരോഗ്യപച്ചയടക്കമുള്ള മരുന്നുകൾ വിദേശമരുന്നുകമ്പനികൾ ചുളുവിലക്ക് തട്ടിയെടുത്തുകൊണ്ടുപോയ കഥ അത്ര പഴയതല്ല. നഗരങ്ങളിലെ സൂപ്പർസ്പെഷ്യാലിറ്റി-പഞ്ചനക്ഷത്ര ആശുപത്രികൾക്ക് ആവശ്യമായ കിഡ്നികൾ ചുമന്നുനടക്കാൻ വിധിക്കപ്പെട്ടവരായി മാറിയിരിക്കുകയാണ് ഇവരിപ്പോൾ.

ധേബർ കമ്മീഷൻ ഉൾപ്പെടെ കഴിഞ്ഞകാല പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനുകൾ ഈ വിഭാഗങ്ങൾക്ക് ഭരണഘടന നൽകിയ പരിരക്ഷകൾ ഉറപ്പാക്കാൻ വനത്തിലും വെളിയിലും താമസിക്കുന്ന ആദിവാസികളുടെ കവർന്നെടുക്കപ്പെട്ട ഭൂമിയുടെ പ്രശ്നം പരിഹരിക്കപ്പെടണമെന്നുമുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കുകയുണ്ടായി. പക്ഷേ ഇത്തരം വിഷയങ്ങളൊന്നും തന്നെ പിന്നീടുവന്ന ഭൂരിയാ കമ്മിറ്റിയുടെ അന്വേഷണ-പഠന പരിധിയിൽ വരുന്നില്ലയെന്നതാണ് അത്ഭുതകരമായിട്ടുള്ളത്. ഇതൊന്നും കണക്കിലെടുക്കാതെയാണ് ചില സന്നദ്ധസംഘടനകൾ ഭൂരിയ കമ്മിറ്റി റിപ്പോർട്ടിനെ മഹത്വവത്ക്കരിക്കാൻ ശ്രമിക്കുന്നത്. തീർച്ചയായും എത്ര പരിമിതികളുണ്ടെങ്കിലും നിലവിലുള്ള എല്ലാ ജനാധിപത്യസ്ഥാപനങ്ങളെയും സമൂർത്ത സാഹചര്യങ്ങൾക്കനുസൃതമായി പുരോഗമന ശക്തികൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പക്ഷേ നിലവിലുള്ള ആദിവാസിഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനെ നിരാകരിച്ചുകൊണ്ട് ആദിവാസികളുടെ മുഴുവൻ പ്രശ്നങ്ങളുടെയും ഒറ്റമൂലിയായി അഞ്ചും ആറും ഷെഡ്യൂളുകൾ നടപ്പാക്കലാണെന്ന വാദം യാന്ത്രികമായി മുന്നോട്ടുവെക്കുന്നത് തീർത്തും പരിഹാസ്യമാണ്.

## 'സ്വയംഭരണവും' ശാസ്ത്രീയ സമീപനവും

ആദിവാസിമേഖലകളുടെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് ജനാധിപത്യവിപ്ലവത്തിന്റെ ഭാഗമായി ഈ വിഷയം പരിഹരിക്കുന്നതിന് സമൂർത്തമായ നിലപാടാണ് സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ് പാർട്ടി പരിപാടിയിൽ മുന്നോട്ടു വെച്ചിട്ടുള്ളത്. ഇന്ത്യൻ ജനതയുടെ 10 ശതമാനത്തോളം വരുന്ന ആദിവാസികൾ എല്ലാത്തരം സാമൂഹ്യ- സാമ്പത്തിക-സാംസ്ക്കാരിക കടന്നാക്രമണങ്ങൾക്കും വിധേയരാക്കപ്പെടുകയും അവരുടെ ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. അവരുടെ ഭൂമി അന്യാധീനപ്പെടുകയും പദ്ധതിപ്രദേശങ്ങളിൽ നിന്നും യാതൊരു പുനരധിവാസ നടപടികളുമില്ലാതെ ലക്ഷക്കണക്കിനു പേർ ആട്ടിയിറക്കപ്പെടുകയും ചെയ്യുന്നു. ആദിവാസി ഭൂമി അന്യാധീനപ്പെടലിനും, പദ്ധതികൾ നിർമ്മിക്കുന്നിടങ്ങളിൽ നിന്നും അവർ കുടിയിറക്കപ്പെടുന്നതിനും അവർ നേരിടുന്ന മറ്റു ചൂഷണങ്ങൾക്കുമെല്ലാമെതിരായും ശക്തമായ സമരങ്ങൾ കെട്ടഴിച്ചുവിടേണ്ടതാവശ്യമാണ്. അവരുടെ മൊത്തത്തിലുള്ള വികാസത്തിനും രാഷ്ട്രീയ അവകാശങ്ങൾക്കും വേണ്ടിയുള്ള സമരങ്ങളുടെ ഭാഗമായി ആദിവാസികൾ ഭൂരിപക്ഷമുള്ളയിടങ്ങളിൽ സ്വയംഭരണ കൗൺസിലുകൾക്കുവേണ്ടിയുള്ള ആവശ്യം ഉയർത്തപ്പെടണം. ഈ സമരങ്ങളെയെല്ലാം തൊഴിലാളിവർഗ്ഗത്തിന്റെയും കർഷകരുടെയും മറ്റുവിഭാഗങ്ങളുടെയും പുത്തൻ ജനാധിപത്യവിപ്ലവം ലക്ഷ്യമാക്കിയുള്ള സമരങ്ങളുടെ പൊതുധാരയുമായി കണ്ണിചേർക്കേണ്ടതാണ്. ഇതാണ് പാർട്ടി പരിപാടിയിലൂടെ സി. പി. ഐ (എം.എൽ) റെഡ്ഫ്ളാഗ് മുന്നോട്ടുവെക്കുന്ന നിലപാട്.

വംശഹത്യനേരിടുന്ന കേരളത്തിലെ ആദിവാസികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സമരപ്രക്ഷോഭങ്ങളെ തുടർന്നാണ് ഭൂപ്രശ്നം അവരുടെ മൊത്തത്തിലുള്ള സമരത്തിന്റെ കേന്ദ്രപ്രശ്നമായി ഇന്ന് മാറിയിരിക്കുന്നത്. 1975 ലെ ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കിക്കൊണ്ടുമാത്രമെ ആദിവാസി ഭൂപ്രശ്നത്തിന് ക്രിയാത്മകമായ ഒരു പരിഹാരത്തിന് തുടക്കം കുറിക്കാനാവുകയുള്ളു. ഈ സമരമാകട്ടെ ആഗോളവത്ക്കരണത്തിന്റെ ഭാഗമായി തൊഴിലാളികളും കർഷകരുമടക്കം മറ്റുവർഗ്ഗങ്ങളും സാമൂഹ്യവിഭാഗങ്ങളും അനുഭവിക്കുന്ന പൊതുപ്രശ്നങ്ങളുമായി കണ്ണിചേർന്നുകൊണ്ടാണ് നിലനില്ക്കുന്നത്. ഇന്ത്യൻ ഭരണവർഗ്ഗങ്ങൾ പിന്തുടരുന്ന ജന്മി-മുതലാളിത്ത നയങ്ങൾക്കെതിരെ, ആഗോളവത്ക്കരണ നയങ്ങൾക്കെതിരെയുള്ള സമരത്തിന്റെ പൊതുധാരയിലേക്ക് ആദിവാസികളെ കൊണ്ടുവന്നുകൊണ്ടുമാത്രമെ ഇത്തരം അവകാശസംരക്ഷണത്തിനു വേണ്ടിയുള്ള സമരങ്ങളെ ഗുണാത്മകമായി വളർത്താനാകുകയുള്ളു. ആദിവാസി പ്രശ്നങ്ങളെ മറ്റു മർദ്ദിത വിഭാഗങ്ങളുടെ

പ്രശ്നങ്ങളിൽ നിന്നടർത്തിമാറ്റിക്കൊണ്ട് 'നവഗോത്ര വാദികൾ' ചെയ്യുന്നതുപോലെ അതിനെ 'സ്വതബോധവും' 'വംശീയതയും' 'ഗോത്രതനിമയും' സംരക്ഷിക്കലാണെന്ന വാദമുയർത്തി വടക്കു-കിഴക്കൻ ഇന്ത്യയിൽ സന്നദ്ധസംഘടനക്കാർ ചെയ്യുന്നതുപോലെ വിഘടനവാദത്തി ലേക്ക് എത്തിക്കുന്നതിനോട് പുരോഗമനശക്തികൾക്ക് യോജിക്കാനാവില്ല. ഇന്ത്യൻ ജനസംഖ്യയിൽ 10 ശതമാനമാണ് ആദിവാസികളെങ്കിൽ കേരളത്തിൽ അത് ഒരു ശതമാനത്തോളമാണെന്ന താണ് വസ്തുത. അതുതന്നെയാകട്ടെ വളർച്ചയുടെയും വികാസത്തിന്റെയും കാര്യത്തിൽ തികച്ചും വ്യത്യസ്തതകൾ പുലർത്തുന്നതുമാണ്. ഇന്ന് മുഖ്യമായി കാടുകളിൽ ജീവിക്കുന്ന വിഭാഗം മുതൽ താരതമ്യേന സമൂഹത്തിന്റെ പൊതുധാരയിലേക്ക് വന്നുകൊണ്ടിരിക്കുന്ന വിഭാഗങ്ങളടക്കം 35 പട്ടിക വർഗ്ഗങ്ങളായിട്ടാണ് സർക്കാർ തന്നെ ആദിവാസികളെ കണക്കാ ക്കിയിട്ടുള്ളത്. അതിൽത്തന്നെ ഏതെങ്കിലും പഞ്ചായത്തുതലത്തിൽ പോലും ഇവരുടെ കേന്ദ്രീകരണം നിലനിൽക്കുന്നുമില്ല. വ്യത്യസ്ത ആദിവാസി വിഭാഗങ്ങൾ തമ്മിലും മറ്റുവിഭാഗക്കാർക്കിടയിലും കൂടി ഇടകലർന്നാണ് ഇവർ പൊതുവിൽ താമസിക്കുന്നത്. ഇത്തരത്തിലുള്ള സങ്കീർണ്ണമായ സാഹചര്യത്തിൽ സ്വയംഭരണം എങ്ങനെ ശാസ്ത്രീയവും ജനാധിപത്യപരവുമായി നടപ്പിലാക്കാമെന്ന് ഗൗരവതരമായ നിർദ്ദേശ ങ്ങളൊന്നും ആന്റണിസർക്കാർ മുന്നോട്ടുവെച്ചിട്ടുമില്ല. നഷ്ടപ്പെട്ടുപോയ ഭൂമി വീണ്ടെടുത്ത് നല്കുന്നതിനോ നിരന്തരമായുള്ള പട്ടിണിമരണങ്ങൾ തടയുന്നതിനോ ശ്രമിക്കാത്ത സർക്കാർ എത്ര പരിമിതമായ രീതിയിലുള്ള സ്വയം ഭരണാവകാശങ്ങളാണെങ്കിൽ പോലും നല്കുമെന്നും അത് സംരക്ഷിക്കുമെന്നും മറ്റും കരുതാനാവില്ല. യു.ഡി.എഫ് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഭൂപ്രശ്നത്തിൽ നിന്നും തലയൂരാനുള്ള ഒരു സൂത്രവിദ്യമാത്രമാണ് അവരുടെ സ്വയം ഭരണപ്രഖ്യാപനം.

കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ നഷ്ടപ്പെട്ട ഭൂമി വീണ്ടെടു ക്കലും അവരുടെ മറ്റ് അവകാശങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളും അഭേദ്യമായിട്ടാണ് നിലനിൽക്കുന്നത്. ആദിവാസികളുടെ സവിശേഷ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയുടെ ഭാഗമായി മാത്രമെ സ്വയംഭരണമടക്കമുള്ള പ്രശ്നങ്ങളെ പുരോഗമനശക്തികൾക്ക് നോക്കിക്കാണാനാവുകയുള്ളൂ. ഇതല്ലാതെ വടക്കു-കിഴക്കൻ ഇന്ത്യയിലും മറ്റും ദേശവിരുദ്ധ സംഘടനകളും ചില സഭകളും പറയുന്ന രീതിയിൽ സ്വയം ഭരണത്തിന്റെ പ്രശ്നം പറഞ്ഞുകൊണ്ട് പിന്തിരിപ്പൻ ശക്തികളുടെ വാരിക്കുഴികളിൽ വീഴുന്നവരല്ല തൊഴിലാളി വർഗ്ഗപ്രസ്ഥാനങ്ങളെന്ന് മനസ്സിലാക്കപ്പെടേണ്ടതുണ്ട്.

കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിനകത്ത് വിഘടനവാദപരമായ ആശയങ്ങൾ കൊണ്ടുവന്ന് പ്രസ്ഥാനത്തെ തകർക്കാൻ ചില ശക്തികൾ മുൻപ് നടത്തിയ ശ്രമങ്ങളെക്കുറിച്ച് ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. ഇന്ത്യ ഒരു ബഹുദേശീയ രാജ്യമായതുകൊണ്ട് ദേശീയപ്രശ്നം വിപ്ലവകരമായി പരിഹരിക്കുന്നതിന്റെ ഭാഗമായി കേരളം ഒരു സ്വതന്ത്ര രാഷ്ട്രമായി മാറണമെന്നുള്ളവാദം ഇത്തരക്കാർ മുന്നോട്ടുവെച്ചു. ഇന്ത്യൻ ഭരണകൂടം സിക്കുകാരെ അടിച്ചമർത്തിയപ്പോൾ അടിച്ചമർത്തലിനെ ആത്മാർത്ഥമായി എതിർക്കുന്നുവെങ്കിൽ നാം ഭിന്ദ്രൻവാലയെ പിന്താങ്ങണമെന്ന് മാർക്സിസത്തിന്റെ മുഖം മുടിയണിഞ്ഞ ഇത്തരക്കാർ വാദിച്ചു. കോയമ്പത്തൂർ സ്ഫോടന പരമ്പരയെ തുടർന്ന് മുസ്ലീം ന്യൂനപക്ഷങ്ങൾക്കുനേരെ നടന്ന ക്രൂരമായ അടിച്ചമർത്തലിനെ പുരോഗമന ശക്തികൾ ശക്തമായി എതിർത്തപ്പോൾ ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കണമെങ്കിൽ അൽ ഉമ്മ മുതൽ പി.ഡി.പി വരെയുള്ള സംഘടനകളെ പിന്താങ്ങുകയാണ് വേണ്ടതെന്നാണ് ഇവർ പറഞ്ഞത്. ഇപ്പോൾ മുത്തങ്ങ സംഭവത്തിനുശേഷം ആദിവാസികൾ നേരിട്ട ആന്റണി സർക്കാരിന്റെ ക്രൂരമായ അടിച്ചമർത്തലിനെ എതിർക്കാൻ മുന്നോട്ടു വരുന്ന പുരോഗമന ശക്തികളോട് 'നിങ്ങൾ ആരുടെ പക്ഷത്ത്' എന്ന ആ പഴയ ചോദ്യം ഇക്കൂട്ടർ വീണ്ടും ഉയർത്തുകയാണ്. മുത്തങ്ങ സംഭവത്തിന്റെ ഉത്തരവാദിത്തത്തിന് പൊതുസമൂഹം മാപ്പു പറയണമെന്നാണ് ഇവർ പറയുന്നത്. ആദിവാസി പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരം 'സ്വയംഭരണ'മാണെന്നു പറയുന്ന സൗത്ത് സോൺ ആദിവാസി ഫോറത്തിന്റേയും മറ്റു വളണ്ടറി സംഘടനകളുടേയും പക്ഷം പിടിച്ചുകൊണ്ട് ആദിവാസികളെ നിഷ്ഠൂരമായി അടിച്ചമർത്തിയ ആന്റണി സർക്കാരിനേയും ഭരണകൂടത്തേയും രക്ഷിക്കാനാണ് ഇവർ ശ്രമിക്കുന്നത്.

### *'പൗരസമൂഹം' പ്രതിക്കൂട്ടിൽ*

ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചരിത്രപരവും ശാസ്ത്രീയവുമായ ഒരു സമീപനം മുന്നോട്ടുവെക്കാതെയും ആദിവാസികൾ സമൂഹത്തിന്റെ പൊതുധാരയിൽ നിന്നകന്ന് എങ്ങനെ പ്രാന്തവൽക്കരിക്കപ്പെട്ടു എന്ന് പരിശോധിക്കാതെയും എല്ലാറ്റിനും ഉത്തരവാദിത്തം പൗരസമൂഹമാണെന്നു പറയുന്നത് ചില പ്രത്യേക ലക്ഷ്യത്തോടെയാണ്. ഓരോ കാലഘട്ടത്തിലും ഭരണകൂടങ്ങളും ഭരണവർഗ്ഗങ്ങളും നടത്തിയ അടിച്ചമർത്തലുകളുടെ ഇരകളായിരുന്നു ആദിവാസികൾ. ആദിവാസികൾ ഇന്നു നേരിടുന്ന പ്രശ്നങ്ങളുടെ മുഖ്യമായ ഉത്തരവാദിത്തം ഭരണവർഗ്ഗങ്ങൾക്കും ഭരണകൂടത്തിനും തന്നെയാണ്. ആദിവാസികളുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനാവുക, രാജ്യത്തെ തൊഴിലാളികളും കൃഷിക്കാരും

മറ്റു മർദ്ദിത വിഭാഗങ്ങളുമടക്കം ഐക്യപ്പെട്ടുകൊണ്ട് ഭരണവർഗ്ഗങ്ങളേയും ഭരണകൂടത്തേയും തൂത്തെറിയുന്ന ഒരു ജനാധിപത്യ വിപ്ലവത്തിലൂടെ മാത്രമെ കഴിയുകയുള്ളു. ആദിവാസി മേഖലകളിൽ ഇന്നു നടക്കുന്ന സമരങ്ങളെ ഒരു ജനാധിപത്യ ഇന്ത്യകെട്ടിപ്പടുക്കുന്നതിനുള്ള രാഷ്ട്രീയ സമരവുമായി കണ്ണിചേർക്ക പ്പെടേണ്ടതുണ്ട്. ഈയൊരു അടിസ്ഥാന സമീപനത്തെ നിഷേധിക്കു ന്നവരാണ് 'പൗരസമൂഹത്തിന്റെ' സിദ്ധാന്തം പറയുന്നത്. ഗോത്ര ജനതക്കിടയിൽ പാരമ്പര്യമായി നിലനിന്നിരുന്ന 'സാമൂഹ്യ രാഷ്ട്രീയ സ്ഥാപനങ്ങൾ' നിലനിർത്താനുള്ള അവകാശം അവർക്കുണ്ടെന്നും 'പൗരസമൂഹം' ഇത് അംഗീകരിക്കു ന്നില്ലെന്നും പറഞ്ഞുകൊണ്ട് ആദിവാസി സ്വത്വവും തനിമയും വീണ്ടെടു ക്കാനായി ഇവരെ സഹസ്രാബ്ദങ്ങൾ പിന്നോക്കം നടത്തിക്കണമെന്നാണ് ഫലത്തിൽ ഇവർ പറയുന്നത്. കാര്യങ്ങൾ ഇതുമാത്രമാണെങ്കിൽ വിവരക്കേടിന്റെ സൗജന്യം നൽകി ഇവ അവഗണിക്കാമായിരുന്നു. പക്ഷെ കാര്യങ്ങളുടെ കിടപ്പ് അങ്ങനെയല്ല. ഇന്ന് ആഗോളവൽക്കരണ വിരുദ്ധ സമരങ്ങളുടെ പൊതുധാരയിലേക്ക് ആദിവാസി വിഭാഗങ്ങളെ കൊണ്ടു വരാൻ ശ്രമിക്കുന്ന വിപ്ലവ പുരോഗമന ശക്തികളെയാണ് ഇവർ മുഖ്യമായും ലക്ഷ്യമിടുന്നത്. ആദിവാസികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു എന്നതാണ് 'പൗരസമൂഹം' നടത്തുന്ന വൻ പാതക മെന്നാണിവർ പറയുന്നത്. കേരളത്തിൽ 'സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ' അതായത് വിപ്ലവ പുരോഗമന-ഇടതുപക്ഷ ശക്തികൾ പൗര സമൂഹത്തിൽ മേധാവിത്തം പുലർത്തുന്നു എന്നതാണ് ഇവരുടെ മുഖ്യ പരാ തി. കാര്യങ്ങൾ ഇവിടെവരെ എത്തുമ്പോഴാണ് ഇവരുടെ യഥാർത്ഥ ഉള്ളി ലിരുപ്പ് വെളിയിൽ വരുന്നത്. വളണ്ടറി സംഘടനകളും വലതുപക്ഷ ശക്തി കളും മുന്നോട്ടുവെക്കുന്ന ഈ ആശയങ്ങളെ പുത്തൻ വലതു പക്ഷത്തിന്റെ വക്താക്കളായ സക്കറിയ-വേണുമാരും കൂടാതെ മദ്നി പക്ഷവും മറ്റും പിന്തുണക്കാൻ രംഗത്തിറങ്ങിയിരിക്കുന്നത് ഇതുകൊണ്ടു തന്നെയാണ്.

### *75-ലെ ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കുക*

75-ലെ ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പിലാക്കണമെന്ന ആവശ്യം മുഖ്യമായും മുന്നോട്ടുവെച്ചിട്ടുള്ളത് സി.പി.ഐ. (എം.എൽ) റെഡ്ഫ്ളാഗും ആദിവാസി ഭൂസംരക്ഷണ വേദിയും മാത്രമാണ്. ഇതിനായി ഇന്നും വിപ്ലവ പ്രസ്ഥാനം നിരന്തര പ്രക്ഷോഭ സമരങ്ങളുടെ പാതയിലാണ്. തലമുറ തലമുറയായി ആദിവാസികൾ കൈവശം വെച്ചനുഭവിച്ചുപോന്ന മണ്ണിൽ നിന്നും അവരെ പറിച്ചെറിഞ്ഞുകൊണ്ട് വൻകിട കൈയ്യേറ്റക്കാർക്കും തോട്ടമുടമകൾക്കും ആ ഭൂമിയിൽ സ്ഥിരാവകാശം നൽകാനാണ് എൽ.ഡി.എഫ്-യു.ഡി.എഫ് സർക്കാരുകൾ കഴിഞ്ഞ കാലങ്ങളിൽ ശ്രമിച്ചിട്ടുള്ളത്. ആദിവാസികളെ അവരുടെ ജീവിതത്തിന്റെ ആധാരമായ

ഭൂമിയിൽ നിന്ന് അടർത്തിമാറ്റി അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് നിന്ദ്യവും ക്രൂരവുമായ നടപടിയാണ്. ഭൂപ്രശ്നത്തിന് ജനാധിപത്യപരമായ പരിഹാരം കണ്ടെത്താനും ആദിവാസികളുടെ വിമോചനം സാദ്ധ്യമാക്കാനും കഴിയണമെങ്കിൽ ഇത്തരമൊരു സമീപനത്തിൽ നിന്നു കൊണ്ടുമാത്രമെ സാധ്യമാവുകയുള്ളു. 75-ലെ ഭൂ നിയമം അട്ടിമറിക്കാനും ആ നിയമം നടപ്പിലാക്കാതിരിക്കാനും യു.ഡി.എഫ്-എൽ.ഡി.എഫ് കക്ഷികളും ഭൂനിയമത്തെ എതിർക്കുന്നവരും അതിനായി പറഞ്ഞ ന്യായവാദങ്ങൾ ഇവയാണ്. 1. പതിറ്റാണ്ടുകൾക്ക് മുമ്പ് അടിയന്തിരാവസ്ഥാ നാളുകളിൽ വേണ്ടത്ര ചർച്ചകളില്ലാതെയും യാഥാർത്ഥ്യങ്ങളെ കണക്കിലെടുക്കാതെയുമാണ് ഈ നിയമം പാസാക്കിയത്. ദീർഘകാലപ്പഴക്കവും ഈ നിയമത്തിനുണ്ട്. മാറിയ പുതിയ സാഹചര്യത്തിൽ ഈ നിയമം അപ്രസക്തവും അപ്രായോഗികവുമാണ്. 2. ആദിവാസി ഭൂമി കൈവശം വെച്ചിരിക്കുന്നവർ സംഘടിതരാണ്. അവർ നിയമം നടപ്പാക്കാൻ സർക്കാരിനെ അനുവദിക്കുകയില്ല. അങ്ങനെ നടപ്പിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ അതു വലിയ സംഘർഷങ്ങൾക്കും രക്തച്ചൊരിച്ചിലിനും ഇടയാക്കുന്നതാണ്. മാത്രമല്ല ആദിവാസി ഭൂമി കൈവശമുള്ളവരിലധികവും ഏറ്റവും പാവപ്പെട്ടവരായ ചെറുകിടക്കാരാണ്. 3. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുമ്പോൾ കൈവശക്കാരന് നഷ്ടപരിഹാരം നൽകാൻ 75-ലെ നിയമം വ്യവസ്ഥ ചെയ്യുന്നു. ഭീമമായി നൽകേണ്ടിവരുന്ന ഈ നഷ്ടപരിഹാര തുകവഹിക്കാൻ ആദിവാസികൾക്കാവില്ല. ചുരുക്കത്തിൽ 75-ലെ നിയമത്തിനെതിരെ ഉന്നയിക്കുന്ന വാദഗതികൾ ഇത്തരത്തിലുള്ളതാണ്.

75-ലെ ആദിവാസി ഭൂനിയമത്തെ എതിർക്കുന്നവർ മുന്നോട്ടുവെക്കുന്ന ഈ വാദഗതികൾ ഒന്നൊന്നായി പരിശോധിച്ചാൽ ഈ വാദഗതികൾക്കൊന്നും ശാസ്ത്രീയമായ യാതൊരു അടിസ്ഥാനവുമില്ലെന്നും തികച്ചും ബാലിശമായ വാദഗതിയാണിതെന്നും കാണാവുന്നതാണ്. ആദിവാസി ഭൂനിയമം പാസാക്കാൻ സർക്കാർ നിർബന്ധിക്കപ്പെട്ടതിന്റെ ചരിത്ര സാഹചര്യം എന്തായിരുന്നു എന്നു നമ്മൾ കണ്ടു കഴിഞ്ഞതാണല്ലോ. ആദിവാസികൾക്ക് എങ്ങനെയെല്ലാമാണ് ഭൂമി നഷ്ടപ്പെട്ടതെന്നും ആരെല്ലാമാണ് അത് കയ്യടക്കിവെച്ചിട്ടുള്ളതെന്ന തിനെക്കുറിച്ചുമെല്ലാം ഒട്ടേറെ പഠനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. നിയമസഭാ സമിതികൾ തന്നെ ഓരോ ഘട്ടങ്ങളിലും ഇതു സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുമുണ്ട്. സർക്കാർ തന്നെ നിയോഗിച്ച പഠന സംഘം സമർപ്പിച്ച സർവ്വെ റിപ്പോർട്ടുകൾ സർക്കാരിന്റെ മേശപ്പുറത്തുതന്നെ നിലവിലുണ്ട്. കാർഷിക ബന്ധ നിയമം നടപ്പിലാക്കിയ കാലഘട്ടത്തിൽ ജന്മിത്ത ശക്തികളും അവരെ പിന്താങ്ങുന്നവരും സംഘടിതരാണെന്നും ജന്മിത്വം അവസാനിപ്പിക്കുന്നത് വലിയ

സാമൂഹ്യ സംഘർഷങ്ങൾക്ക് ഇടവരുത്തുമെന്നും പാവപ്പെട്ട ജന്മിമാരെ ഭൂപരിഷ്കരണത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണ മെന്നതടക്കമുള്ള ആ പഴയ തുരുമ്പിച്ച വാദമുഖങ്ങൾ തന്നെയാണ് ആദിവാസി ഭൂനിയമത്തിനെതിരെ ഇന്നും ഉയർത്തിക്കൊണ്ടിരിക്കുന്നത്. അന്യാധീനപ്പെട്ട ആദിവാസി ഭൂമിയെ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാർ സ്വീകരിച്ച പരാതികളുടെ സ്വഭാവം പരിശോധിച്ചാൽ തന്നെ പാവപ്പെട്ടവരായ ചെറുകിടക്കാരുടെ കൈയ്യിലുള്ള ഭൂമിയെ സംബന്ധിച്ച കൃത്യമായ വിവരം ലഭിക്കുന്നതാണ്. സത്യത്തിൽ അത് 20 ശതമാനമേ വരുന്നുള്ളുവെന്നതാണ് യാഥാർത്ഥ്യം. ബാക്കി ഭൂമികളത്രയും വൻകിടക്കാരും തോട്ടമുടമകളും രാഷ്ട്രീയ പാർട്ടികളുടേയും ചില സഭകളുടെ തന്നെയും പിന്തുണയോടെ കൈയ്യടക്കി വെച്ചിട്ടുള്ളതാണ്. കണ്ണൻ ദേവൻ, മലയാളം പ്ലാന്റേഷൻ തുടങ്ങിയ വൻകിട തോട്ടമുടമകൾ പതിനായിരക്കണക്കിനേക്കർ ആദിവാസി ഭൂമി അനധികൃതമായി കൈവശം വെച്ചിരിക്കുന്നു. മാറിമാറി വന്ന എൽ.ഡി.എഫ്-യു.ഡി.എഫ് സർക്കാരുകൾക്കെല്ലാം തന്നെ ഈ കൈയ്യേറ്റത്തെക്കുറിച്ച് പൂർണ്ണ വിവരങ്ങളുണ്ടായിട്ടും ഇതിനെതിരെ കൈ ചൂണ്ടാൻ പോലും സന്നദ്ധമായിട്ടില്ല. ആദിവാസി ഭൂമി തിരിച്ചു പിടിക്കുമ്പോൾ അതിന് പകരമായി 'നഷ്ട പ്രതിഫലം' നൽകാൻ ആദിവാസികൾക്കാവില്ല എന്നതാണ് മറ്റൊരുവാദം. നിയമവിരുദ്ധമായി തട്ടിയെടുത്ത ഭൂമി തിരിച്ചു പിടിക്കുമ്പോൾ കൈയ്യേറ്റക്കാർക്ക് നഷ്ട പ്രതിഫലം നൽകാൻ ആദിവാസികൾക്ക് യാതൊരു ബാദ്ധ്യതയുമില്ലെന്നുള്ള കോടതി വിധി തന്നെ നിലവിലുണ്ട്. ഭൂപരിഷ്കരണ നിയമം നടപ്പാക്കിയഘട്ടത്തിൽ കുടിയായ്മ സമ്പ്രദായത്തിനു കീഴിൽ കഴിഞ്ഞിരുന്ന കൃഷിക്കാരും കുടികിടപ്പ് നിയമത്തിന് കീഴിൽ കഴിഞ്ഞിരുന്ന ലക്ഷക്കണക്കായ കുടികിടപ്പുകാരും ജന്മിക്കരവും മറ്റും ഗഡുക്കളായി നൽകണമെന്നുതന്നെയാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഈ നിയമം പാലിക്കാതെ കുടികിടപ്പുകാർക്കും കൃഷിക്കാർക്കും സ്വന്തം മണ്ണിൽ നിലയുറപ്പിക്കാനും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ള കരുത്ത് കർഷക പ്രസ്ഥാനം നല്കി. ഈ നിയമം പാലിക്കാതെ സമഗ്രമായ ഭൂപരിഷ്കരണത്തെ എതിർത്തുകൊണ്ട് ഫ്യൂഡൽ ശക്തികൾ നമ്മുടെ നാട്ടിൽ മാത്രമല്ല, ലോകമെങ്ങും ഉയർത്തിയ വാദഗതികളുടെ തനിയാവർത്തനമാണ് ആദിവാസി ഭൂനിയമത്തിനെതിരെ വലതുപക്ഷ ശക്തികൾ ഇന്നും ഉയർത്തിക്കൊണ്ടിരിക്കുന്നത്. ഏതു സർക്കാരുകളാണെങ്കിലും ജനങ്ങളോടുള്ള ഭരണഘടനാപരമായ ബാദ്ധ്യതയേയാണ് ഈ വാദഗതികളിലൂടെ മറച്ചുവെക്കുന്നത്. നിയമം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന സംഘർഷങ്ങളെക്കുറിച്ചു പറഞ്ഞാൽ, ബഹുജന പിന്തുണയോടെ ഭൂപ്രശ്നം ശാസ്ത്രീയമായി പരിഹരിക്കുകയാണെങ്കിൽ മുത്തങ്ങ സംഭവത്തിലും മറ്റും ഒഴുക്കിയ

ചോരയുടെ ഒരംശം പോലും ഒഴുക്കേണ്ടിവരില്ല എന്നതാണ് സത്യം.


ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടാണ് ആദിവാസി ഭൂനിയമം ശാസ്ത്രീയമായി നടപ്പാക്കുക; സർക്കാർ വാഗ്ദാനം പാലിക്കുക എന്ന കേന്ദ്ര മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ആദിവാസി ഭൂസംരക്ഷണ വേദി ശക്തമായ സമര പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുന്നത്. ആദിവാസി ഭൂപ്രശ്നത്തെ കുഴിച്ചുമൂടാനും ആഗോളവൽക്കരണ ഉദാരവൽക്കരണ നയങ്ങളിലൂടെ ആദിവാസികളെ വംശഹത്യയിലേക്ക് തള്ളിവിടാനുമായി സർക്കാരും വലതുപക്ഷ ശക്തികളും നടത്തുന്ന കുത്സിത ശ്രമങ്ങളെ എന്തു വിലകൊടുത്തും ചെറുത്തു തോല്പിക്കേണ്ടതുണ്ട്. മുത്തങ്ങ കൂട്ടക്കുരുതിക്കുശേഷം സ്വയം ഭരണത്തിന്റെ പേരു പറഞ്ഞുകൊണ്ട് വിദേശപ്പണം പറ്റുന്ന സന്നദ്ധ സംഘടനകളും ഗോത്രമഹാസഭയും മറ്റും ആദിവാസി പ്രക്ഷോഭത്തിന്റെ ദിശാബോധത്തെത്തന്നെ തിരിച്ചു വിട്ടുകൊണ്ട് ഫലത്തിൽ ആന്റണി സർക്കാരിനെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

വലതുപക്ഷ മാധ്യമങ്ങളും, വേണു, സക്കറിയ തുടങ്ങിയ ഉത്തരാധുനിക ബുദ്ധിജീവികളും 'പൗരസമൂഹ'ത്തെ മുത്തങ്ങാ സംഭവത്തിന്റെ പേരിൽ പഴിചാരി ആന്റണി സർക്കാരിനെ രക്ഷിക്കാനുള്ള തത്രപ്പാടിലാണ്. ഇത്തരം തെറ്റായ പ്രചാരവേലകളെ തുറന്നു കാണിച്ചുകൊണ്ടും ആദിവാസി ഭൂപ്രശ്നം പരിഹരിക്കാനുള്ള പ്രക്ഷോഭത്തെ ശക്തമാക്കിക്കൊണ്ടും മാത്രമേ ആദിവാസി പ്രശ്നങ്ങൾക്ക് പുരോഗമനപരമായി പരിഹാരം കാണാൻ കഴിയുകയുള്ളു. ഇതിനായി ആദിവാസി ഭൂസംരക്ഷണ വേദിയും മറ്റു പുരോഗമന ശക്തികളും നടത്തുന്ന പ്രക്ഷോഭ സമരങ്ങൾക്ക് മുഴുവൻ പുരോഗമന ജനാധിപത്യ ശക്തികളും പിന്തുണ നല്കണമെന്ന് ഞങ്ങളഭ്യർത്ഥിക്കുന്നു.

സി.പി.ഐ. (എം.എൽ) റെഡ്ഫ്ളാഗ്
സംസ്ഥാന കമ്മിറ്റി
കണ്ണമ്മൂല, മെഡിക്കൽ കോളേജ് (പോസ്റ്റ്)
തിരുവനന്തപുരം-11, ഫോൺ 0471-2448545

തിരുവനന്തപുരം
15/5/03

# ആദിവാസി ഭൂപ്രക്ഷോഭത്തെ പിന്തുണക്കുക



സി.പി.ഐ (എം.എൽ) റെഡ്ഫ്ളാഗ്
സംസ്ഥാന കമ്മിറ്റി

സംഭാവന: അഞ്ചു രൂപ

Printed and Published by Secretary, CPI (M.L) Redflag State Committee
Printed at Vijay Publishers, Perumbavoor